കർത്താവ് ആത്മാവാണ്;
കർത്താവിന്റെ ആത്മാവുള്ളിടത്തു സ്വാതന്ത്ര്യമുണ്ട്
(2 കോറിന്തോസ് 3:17)






# ടച്ച് മീ

TOUCH ME

ആഗസ്റ്റ് 2023

11th Year of Fond Remembrance





# C.P. BABY (PAVOOS)

Chungath House
Kunnamkulam

Born : 15-03-1938

Died : 11-08-2012



# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 15 – 2023 ആഗസ്റ്റ് – ലക്കം : 12



സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെഷോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766

## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| പുസ്തക പരിചയം | 4 |
| വിശ്വാസപരിശീലനം | 5 |
| സഭാ വാർത്തകൾ | 7 |
| ഹൃദയത്തിന്റെ നിറവിൽ നിന്ന്... | 9 |
| സ്വയം സ്നേഹിക്കാം... | 11 |
| ഗർഭപാത്ര മുഴകൾക്കുള്ള... | 13 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| സെന്റ് തോമസ് കുടുംബവാർഷികം | 18 |
| പരിശുദ്ധ മറിയം... | 19 |
| വിശ്വാസജീവിതം | 21 |
| തളരരുത്... കരുത്താർജ്ജിക്കുക | 23 |
| അനുബന്ധം 4 സ്മരണീയമായ... | 25 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

ആഗസ്റ്റ് 15. ലോകം ഉറങ്ങിക്കിടന്നപ്പോൾ ഇന്ത്യ ഉണർന്നെണീറ്റ പുണ്യ സുദിനം. സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിൽ മുങ്ങിക്കുളിക്കാൻ ജനകോടികൾ അണിഞ്ഞൊരുങ്ങിയ ദിവസം. ഈ ദിനത്തിന്റെ ഓർമ്മകളിൽ ഉണരുന്ന വികാര തരംഗങ്ങൾ നമ്മെ പുളകിതരാക്കുമ്പോൾ നമുക്ക് ചരിത്രത്തിന്റെ ഏടുകളിലേക്കൊരു മിന്നൽ യാത്ര നടത്താം.

തേനൂറുന്ന മൊഴികളും മോഹന വാഗ്ദാനങ്ങളുമായി നൂറ്റാണ്ടുകൾക്കപ്പുറം വിദേശികൾ ഇന്ത്യയിലേക്ക് കടന്നുവന്നപ്പോൾ, അതൊരു അടിമത്തത്തിന്റെ ആരംഭമാണെന്ന് നമുക്ക് തോന്നിയില്ല. ഭാരതാംബയുടെ കൈകളിൽ ചങ്ങലയിട്ട് തളയ്ക്കാൻ ആ കരങ്ങൾ ഉയരുമെന്ന് നാം കരുതിയില്ല. എന്നാൽ കറുത്ത പൊന്നും സുഗന്ധവ്യഞ്ജനങ്ങളും വിലയ്ക്ക് വാങ്ങിയ വെള്ളക്കാർ നമ്മുടെ സ്വാതന്ത്ര്യവും സാവധാനത്തിൽ കവർന്നെടുത്തു. അടിമത്തത്തിന്റെ മുഖം സ്വന്തം ചുമലുകളിൽ പതിച്ചതറിഞ്ഞ് ദേശാഭിമാനികൾ ഞെട്ടിപ്പോയി. അവിടുന്നങ്ങോട്ട് ഒരു ഘോര സമരം ആയിരുന്നു. അക്രമരാഹിത്യത്തിൽ അടിയുറച്ചു നിന്ന മഹാത്മജിയുടെ പുത്തൻ സമരമുറ. ഗാന്ധിജി വിഭാവനം ചെയ്ത സ്വതന്ത്ര ഭാരതത്തിന്റെ നടുമുറ്റത്തെത്താൻ വേണ്ടിയുള്ള തീവ്ര യജ്ഞം. ചോരപ്പുഴയൊഴുക്കി പല രാഷ്ട്രങ്ങളും സ്വാതന്ത്ര്യ സ്വപ്നങ്ങൾ പൂവണിയിച്ചപ്പോൾ നിരാഹാര സമരത്തിലൂടെ അക്രമരാഹിത്യത്തിലൂടെ സ്വാതന്ത്ര്യസൗധത്തിന്റെ പടവുകൾ ഒന്നൊന്നായി ആ മഹാത്മാവും ധീര ദേശാഭിമാനികളും ചവിട്ടിക്കയറി. സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി കാണാൻ കൊതിച്ച് മൃതിയടഞ്ഞ ആ മഹാത്മാക്കളുടെ മഹാമനസ്കതയ്ക്ക് മുന്നിൽ ശിരസ്സ് നമിക്കാം. അവരുടെ മഹനീയ വ്യക്തിത്വങ്ങൾക്ക് മുമ്പിൽ സ്മരണാഞ്ജലി അർപ്പിക്കാം.

നമുക്കറിയാം, സ്വാതന്ത്ര്യ പ്രാപ്തിയുടെ സന്തോഷത്തിരകൾ അടങ്ങുന്നതിനു മുൻപേ സ്വരാജ്യ സ്നേഹികളെ ദുഃഖത്തിലാഴ്ത്തിയ സ്വതന്ത്ര ഇന്ത്യയുടെ വിഭജനവും നടന്നു. സ്വാതന്ത്ര്യം ലഭിച്ചിട്ട് ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഈ വിഘടന വാദവും മതമൗലിക വാദവും ഭാരതത്തിനുമേൽ ഒരു തീരാ കളങ്കമായി നിലനിൽക്കുകയാണ്. അഴിമതിയും അക്രമവും തേർവാഴ്ച നടത്തുന്ന, സഹോദരനും സഹോദരിയും തമ്മിൽതല്ലിച്ചാകുന്ന നമ്മുടെ അധഃപതിച്ച സാമൂഹ്യ വ്യവസ്ഥിതിക്ക് പാടെ മാറ്റം വരുന്ന, ഒരു നല്ല നാളെയിലേക്ക് ഭാരത ജനതയെ നമുക്ക് നയിക്കാനാവുമോ? മണിപ്പൂരിന്റെ നേർച്ച കാഴ്ചകൾ നമ്മെ വേദനിപ്പിക്കുന്നില്ലേ? നാനാത്വത്തിലെ ഏകത്വവും മതസഹിഷ്ണുതയും ഇന്ത്യയുടെ മുഖമുദ്രകൾ ആണെന്ന് ഏറ്റു പറയുമ്പോഴും, നഗ്ന ഭാരതത്തിന്റെ മുഖങ്ങൾ, ഹൃദയത്തിൽ വേദനയും രോഷവും നിറയ്ക്കുന്നു. ലോകത്തിന്റെ തെരുവിൽ ഇന്ന് നഗ്നയാക്കപ്പെടുന്ന ഭാരതം! രാജ്യത്തിന്റെ ഉടുതുണി അക്രമികളാൽ വലിച്ചുകീറപ്പെട്ടിരിക്കുന്നു. മതവർഗ്ഗീയതയാൽ അവൾ പിച്ചിചീന്തപ്പെട്ടിരിക്കുന്നു. കത്തിയെരുന്ന മണിപ്പൂരിലെ തെരുവുകൾ.. കൊടിയ പീഢന സംഭവങ്ങൾ... ഭാരതം എവിടേയ്ക്ക്?

പ്രിയമുള്ളവരെ, ഭാരതസ്വാതന്ത്ര്യം വീണ്ടെടുക്കാൻ വെമ്പൽകൊണ്ട നമ്മുടെ പൂർവ്വികരുടെ പാദങ്ങളെ നമുക്കും പിഞ്ചെല്ലാം. തിന്മയുടെ അടിമത്തത്തിലേക്ക് നമ്മെ തള്ളിയിടാതെ സ്വാതന്ത്ര്യത്തിന്റെ നറുമലരുകൾ വാരിച്ചൂടാൻ നന്മയുടെ വഴിയിലൂടെ നമുക്ക് ചരിക്കാം. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെ സന്തോഷവും, ആഴ്സിലെ വികാരിയായിരുന്ന വി. ജോൺ മരിയാ വിയാനിയുടെ വിധേയത്വവും, നമ്മുടെ സ്വന്തം വി. എവുപ്രാസ്യമ്മയുടെ പ്രാർത്ഥനാ ചൈതന്യവും നമ്മുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. ഏവർക്കും ടച്ച് - മീയുടെ പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ...

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്



## ഇടയമൊഴി

# വാളെടുത്തവർ...

ഞങ്ങളും വാളെടുക്കട്ടെയോ?
ഗദ്സമെൻ തോട്ടത്തിലെ...
കണ്ണീർ പ്രാർത്ഥനയ്ക്ക് ശേഷം
ഗുരു കേട്ട ശബ്ദം...
കൂട്ടത്തിൽ മുതിർന്നവൻ പത്രോസ്,
ആഞ്ഞുവെട്ടുകയും ചെയ്തു...
അക്രമത്തെ അക്രമം കൊണ്ട് നേരിടാമോ?
വിദ്വേഷത്തെ വിദ്വേഷം കൊണ്ട്?
അരുതെന്ന് ഗുരു...
ശത്രുക്കളെ പോലും,
സ്നേഹ വലയത്തിലാക്കണമെന്ന് കല്പന...
സഭയുടെ ആരംഭത്തിലും,
മധ്യകാലഘട്ടത്തിലും, ഇന്നും വിശ്വാസത്തെ പ്രതി
വാളിന് ഇരയാവുന്നവർ അനേകം...
വാളെന്ന പ്രാകൃത ആയുധത്തെ,
മതപരിവർത്തനത്തിന്, ഉപയോഗിക്കുന്ന,
മതഭീകരവാദികൾ...
ഭാരതത്തിന്റെ സ്വാതന്ത്ര്യദിന ചിന്തകൾക്കിടയിലും,
ആൾക്കൂട്ടകൊലകളും, ഭീകരസ്ഫോടനങ്ങളും,
തീ തുപ്പുന്ന വാക്ത്താരികളും അരങ്ങ് വാഴുന്നു.
അഹിംസയുടെ ഈ ഈറ്റില്ലത്തിൽ,
ഹിംസയുടെ വാൾ അതിന്റെ ഉറയിലിടാം...
കാരണം, സമാധാനം സ്ഥാപിക്കുന്നവരാണല്ലോ,
ഭാഗ്യവാന്മാർ...

*സസ്നേഹം*
**ദാവീദച്ചൻ**

# പുസ്തക പരിചയം



**സിസ്റ്റർ അൻസ ജോസ് CMC**

## കഥപറയുന്ന എവുപ്രാസ്യമ്മ

**(ടി.ടി. മുണ്ടയ്ക്കൽ)**

എവുപ്രാസ്യമ്മ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതിന് വർഷങ്ങൾക്ക് മുമ്പ് ബഹു. മുണ്ടയ്ക്കലിന്റെ തൂലികയിൽ നിന്ന് വെള്ളിവെളിച്ചം കണ്ട ഗ്രന്ഥമാണിത്.

വൈദികരേയും സമർപ്പിതരേയും അൽമായ സഹോദരങ്ങളേയും അമ്മ വെല്ലുവിളിക്കുകയാണ്: വിശുദ്ധി ആർക്കും അന്യമല്ല; അത് എത്തിപ്പിടിക്കുവാൻ ആഗ്രഹവും പരിശുദ്ധിയും മാത്രം മതി എന്ന്. ഈ കഥ വായിക്കാൻ തുടങ്ങിയാൽ അത് കഴിയാതെ പുസ്തകം താഴെ വയ്ക്കാൻ ആകില്ല എന്നത് അനുവാചകർക്കെല്ലാം അനുഭവവേദ്യമാകും.

ദൈവികരഹസ്യങ്ങൾക്കും വിശുദ്ധിക്കും നേരെ ബോധപൂർവ്വം കണ്ണുകളും കർണ്ണങ്ങളും കൊട്ടിയടയ്ക്കുന്ന ആധുനിക ലോകത്തിന്റെ അന്ധതയ്ക്കും ബധിരതയ്ക്കും ഈ ഗ്രന്ഥം വെല്ലുവിളിയാകട്ടെ. ഇത് എവുപ്രാസ്യമ്മയെക്കുറിച്ചറിയാൻ അനേകരെ സഹായിക്കും.

| | | |
|---|---|---|
| പുസ്തകത്തിന്റെ പേര് | : | കഥപറയുന്ന എവുപ്രാസ്യമ്മ |
| രചന | : | ടി.ടി. മുണ്ടയ്ക്കൽ |
| വില | : | 100 രൂപ |
| പ്രസിദ്ധീകരണം | : | മാർ ലൂയീസ് പബ്ലിക്കേഷൻ, കൊച്ചി |
| ഫോൺ | : | 0484 - 2352110 |




# വി.എവുപ്രാസ്യയുടെ തിരുനാൾ

**2023 ആഗസ്റ്റ് 29 ചൊവ്വ**


**വി. കുർബാന : രാവിലെ 6.30ന്**



27th
Anniversary
of togetherness
18-8-2023
Pearlju
Seema
Chungath House
Guruvayur Road
Kunnamkulam
Best Wishes : Ann Tressa & Beven Pearlju


Happy Birthday
23-08-2023
23rd
Anniversary
03-09-2023
Happy Birthday
15-05-2023
Sanvin Jaimy
Sanvi Jaimy
Jaimy & Jilsy
Vellattukara House, Near Fire Station - Kunnamkulam


23rd
27-08-2023
Happy Anniversary
K.G. Babu
&
Magi Babu
Kuttikkatt House
Chiralayam - Kunnamkulam





**പി.എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖം തന്നെയല്ലേ, മഴക്കാല രോഗങ്ങളൊന്നും ആർക്കും ഇല്ലെന്നു കരുതുന്നു. മഴയും തണുപ്പും കാരണം കുർബാനയും വിശ്വാസ പരിശീലനവുമൊന്നും മുടക്കരുത്. സമയത്തിനുതന്നെ എല്ലാവരും വരണം.

ആഗസ്റ്റ് മാസം നമുക്ക് വളരെയേറെ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും അറിയാമല്ലോ. നമ്മുടെ മാത്രമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഈ മാസം പതിനഞ്ചാം തിയ്യതിയാണ്. അതുപോലെതന്നെ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും, അതിനോടനുബന്ധിച്ച് നിങ്ങൾക്ക് ഏതാനും മത്സരങ്ങൾ നടത്തുന്നുണ്ട്. വിശദവിവരങ്ങൾ അധ്യാപകർ പറഞ്ഞുതരും.

എല്ലാവർക്കും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും ഭാരതസ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്.

സ്നേഹത്തോടെ
ലില്ലിടീച്ചർ



**2023 ആഗസ്റ്റ് 15 ചൊവ്വ**

## പരി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

**വി. കുർബാന രാവിലെ : 6.30ന്** (കടമുള്ള ദിവസം)

**മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി 2023 ആഗസ്റ്റ് 1 ചൊവ്വ മുതൽ 15 ചൊവ്വ വരെ പതിനഞ്ച് നോമ്പാചരണം**

## വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾ

### ക്വിസ്

| | | |
|---|---|---|
| I[st] | ഏയ്ഞ്ചൽ മരിയ ജോർജ്ജ് | Std: XI |
| II[nd] | സന്ദീപ് എം.എസ്. | Std: XII |
| II[nd] | ക്രിസ്റ്റി വി.ജെ. | Std: VII |
| II[nd] | ആൽഫി വർഗ്ഗീസ് | Std: ACC |
| II[nd] | ജാസ്മിൻ സി.ജെ. | Std: ACC |

### പ്രസംഗം

| | | | |
|---|---|---|---|
| ***I-IV*** | I[st] | ഏയ്ഞ്ചൽ വി.ജെ. | Std: I |
| | II[nd] | അമൽ ജോ ആലപ്പാട്ട് | Std: III |
| ***V-VII*** | I[st] | ഇവാറോസ് ഫോബിൻ | Std: V |
| | II[nd] | ക്രിസ്റ്റി വി.ജെ. | Std: VII |
| ***VIII-X*** | I[st] | അലോന ബാബു | Std: X |
| | II[nd] | അന്ന ജോൺസൺ | Std: VIII |
| ***XI-ACC*** | I[st] | ജാഷ്‌ലി സി.ജെ. | Std: ACC |
| | II[nd] | സാന്ദ്ര വി.എം. | Std: XII |

## ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മത്സരത്തിൽ സമ്മാനാർഹരായവർ

| | | | |
|---|---|---|---|
| ***I-VII*** | I[st] | അജിത് അഗസ്റ്റിൻ | Std: VII |
| | II[nd] | ആദ്യ മരിയ അഗസ്റ്റിൻ | Std: VI |
| ***VIII-ACC*** | I[st] | അജ്ന ജെയിംസ് | Std: X |
| | II[nd] | ആഷ്‌ലിൻ റോസ് ഡിറ്റോ | Std: X |

## അഭിനന്ദനങ്ങൾ



2023 സെപ്തംബർ 8ന്
ചിറളയം സെന്റ് മേരീസ് കപ്പേളയിൽ ആഘോഷിക്കുന്ന
പരിശുദ്ധ മാതാവിന്റെ ജനനതിരുനാൾ
ജനറൽ കൺവീനറായി തെരഞ്ഞെടുത്ത

**കെ.ജി. ബാബുവിന്**

ഇടവകയുടേയും ടച്ച്മീയുടേയും അഭിനന്ദനങ്ങൾ



# സഭാ വാർത്തകൾ

**മണിപ്പൂരിൽ സ്ത്രീത്വം അപമാനിക്കപ്പെടുന്നു; സർക്കാർ നിഷ്ക്രിയത്വം വെടിയണം: കെ.സി.ബി.സി.**

കൊച്ചി : ഇന്ത്യൻ സ്ത്രീത്വം അപമാനിതമാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ട കേന്ദ്രസർക്കാർ നിഷ്ക്രിയത്വം വെടിഞ്ഞ് ഉത്തരവാദിത്വം നിർവ്വഹിക്കണമെന്ന് കെ.സി.ബി.സി. ഇന്ത്യയിലെ സ്ത്രീസമൂഹത്തെ ലോകത്തിന്റെ മുന്നിൽ അപമാനിച്ച കലാപകാരികൾക്കെതിരെ സത്വര നിയമനടപടി സ്വീകരിക്കണം. ഇത്തരം സംഭവങ്ങൾ ഒന്നല്ല നൂറുകണക്കിനുണ്ട് എന്ന് വമ്പുപറയുന്ന മണിപ്പൂർ മുഖ്യമന്ത്രി ബീരൻ സിംങ്ങ് രാഷ്ട്രീയക്കാർക്ക് അപമാനമാണ്. കലാപം തുടങ്ങി മാസങ്ങൾ പിന്നിട്ടിട്ടും അത് അടിച്ചമർത്താൻ ഉത്തരവാദിത്തം കാണിക്കാത്ത മുഖ്യമന്ത്രി രാജിവെക്കുന്നതാണ് നല്ലത്. സർക്കാർ നടപടി എടുക്കാതിരുന്നാൽ സുപ്രീം കോടതിക്ക് ഇടപെടേണ്ടിവരും എന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കിയിരുന്നു. അത്രമാത്രം നിഷ്ക്രിയത്വമാണ് മണിപ്പൂർ കലാപത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വച്ചുപുലർത്തുന്നത്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സകലരും ഒരു വിഭാഗം പൗരന്മാരെ ഉന്മൂലനം ചെയ്യുന്ന മണിപ്പൂർ കലാപത്തെ അപലപിക്കുന്നതിനും കലാപം അടിച്ചമർത്തി സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും മുന്നോട്ടുവരുന്നത് പ്രതീക്ഷ നൽകുന്നുണ്ടെന്ന് കെസിബിസി വക്താവ് ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പ്രസ്താവനയിൽ വ്യക്തമാക്കി.

**ലോക യുവജനസംഗമ വേദിയിലെ പ്രഭാഷകരുടെ നിരയിൽ ഒരു മലയാളി അൽമായനും; അഭിമാന താരമായി സോജിൻ സെബാസ്റ്റ്യൻ**

മെൽബൺ : ഓഗസ്റ്റ് ഒന്ന് മുതൽ ആറുവരെ പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബൺ ആതിഥേയത്വം വഹിക്കുന്ന ലോക യുവജന സംഗമ വേദിയിലെ മുഖ്യ പ്രഭാഷകരുടെ നിരയിൽ മലയാളിയായ അൽമായനും. ഓസ്ട്രേലിയയിലെ മെൽബൺ സീറോ മലബാർ രൂപത യൂത്ത് അപ്പോസ്തേലേറ്റ് ഡയറക്ടർ സോജിൻ സെബാസ്റ്റ്യനാണ് മുഖ്യ പ്രഭാഷകരിൽ ഒരാളായി നിയോഗിതനായ

ത്. മാതാവിന്റെ ശിഷ്യത്വത്തിലൂടെയുള്ള നേതൃത്വം എന്ന വിഷയത്തിലാണ് പ്രസ്തുത കോൺഫറൻസ്.

**നടുക്കുന്ന കണക്കുകൾ പുറത്ത്; മൂന്നു മാസത്തിനിടെ ഒരു നൈജീരിയൻ സംസ്ഥാനത്തു മാത്രം കൊല്ലപ്പെട്ടത് 346 പേർ, കുടിയിറക്കപ്പെട്ടത് 18, 751**


നൈജീരിയ : ക്രൈസ്തവപീഢനങ്ങളും ഭീകരാക്രമങ്ങളും തുടർക്കഥയാകുന്ന നൈജീരിയയിലെ ഒരു സംസ്ഥാനത്തുമാത്രം കഴിഞ്ഞ മൂന്നുമാസത്തിനിടെ കൊല്ലപ്പെട്ടത് 346 പേർ. മനുഷ്യാവകാശ സംഘടനയായ ഗിഡിയോൺ ആന്റ് ഫൺമി പാറമല്ലം പീസ് ഫൗണ്ടേഷൻ പുറത്തിറക്കിയ റിപ്പോർട്ടിലാണ് നൈജീരിയൻ സംസ്ഥാനമായ പ്ലേറ്റുവിലെ എട്ട് പ്രാദേശിക സർക്കാർ മേഖലകളിൽ നിന്നായി ഇത്രയധികം കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2023 ജൂലൈ 8 ശനിയാഴ്ച വരെ മാംഗുവിൽ മാത്രം തുടർച്ചയായ അക്രമാസക്തമായ ആക്രമണങ്ങളിൽ 200 ലധികം ജീവനുകൾ നഷ്ടപ്പെട്ടതായും റിപ്പോർട്ടിൽ വ്യക്തമായിട്ടുണ്ട്.

**ദൈവവചനം പ്രഘോഷിക്കുന്ന ഇടങ്ങളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കും: ഫ്രാൻസിസ് പാപ്പ**

വത്തിക്കാൻ സിറ്റി : നാം ഓരോരുത്തരും ദൈവവചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണെന്നും ദൈവവചനം പ്രഘോഷിക്കപ്പെടുന്ന ഇടങ്ങളിലെല്ലാം ദൈവാത്മാവ് പ്രവർത്തിക്കുമെന്നും ഫ്രാൻസിസ് പാപ്പ. ബൈബിളിലെ വിതക്കാരന്റെ ഉപമ ആസ്പദമാക്കി കഴിഞ്ഞ ഞായറാഴ്ച ആഞ്ചലൂസ് സന്ദേശം നൽകുകയായിരുന്നു പാപ്പ. പ്രതീക്ഷിക്കുന്ന സത്ഫലങ്ങൾ കണ്ടില്ലെങ്കിലും ദൈവവചനം പങ്കുവെക്കുക എന്ന ക്രൈസ്തവ ദൗത്യം മടികൂടാതെ തുടരണമെന്ന് വിശ്വാസീസമൂഹത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു അദ്ദേഹം.


**ചന്ദ്രയാൻ വിക്ഷേപണം: ശാസ്ത്രജ്ഞരെ അഭിനന്ദിച്ച് മാർ ആലഞ്ചേരി**

കൊച്ചി : രാജ്യത്തിന്റെ അഭിമാനം വാനോളമുയർത്തി ചന്ദ്രയാൻ 3 വിജയകരമായി വിക്ഷേപിച്ച ബഹിരാകാശ ശാസ്ത്രജ്ഞരെ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അഭിനന്ദിച്ചു. പരാജയത്തിന്റെ ഭൂതകാല അനുഭവങ്ങളും അതേത്തുടർന്നുണ്ടായ നിരാശയുമെല്ലാം വെടിഞ്ഞ് നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോയ നമ്മുടെ ശാസ്ത്രജ്ഞർ പ്രശംസയർഹിക്കുന്നു. അവരുടെ സമർപ്പണത്തോടും കഠിനാദ്ധ്വാനത്തോടും രാജ്യം മുഴുവൻ കടപ്പെട്ടിരിക്കുന്നു. ഈ വലിയ നേട്ടത്തിന് നമുക്കും ദൈവത്തിനു നന്ദിയർപ്പിക്കാം.


14th
Wedding
Anniveresary
09-08-2023
Manoj
Lini
Vakayil House
Chiralayam
Kunnamkulam
With best compliments From
Mummy, Godwin and Grace


HAPPY BIRTHDAY
11
01-08-2023
JEWEL MARIYAM
D/o. Poise Jabee & Babitha Poise
Chiramel House
Chiralayam
Best compliments From : Nehal, Nevan


ഏവർക്കും
ടച്ച് മീയുടെ
TOUCH ME
പരി. മാതാവിന്റെ
സ്വർഗ്ഗാരോപണ തിരുനാളിന്റേയും
ഇന്ത്യൻ
സ്വാതന്ത്ര്യദിനത്തിന്റേയും
ആശംസകൾ



# ഹൃദയത്തിന്റെ നിറവിൽ നിന്ന്...

ബ്രദർ ആകാശ് ജെ. വെട്ടികാട്



ലോകത്തിൽ വെച്ച് ഏറ്റവും ചിലവ് കുറഞ്ഞതും എന്നാൽ മറ്റുള്ളവർക്ക് കൊടുക്കാൻ ഏറ്റവും പിശുക്കുന്നതുമായ സമ്മാനമാണ് പുഞ്ചിരി. തിരക്കുപിടിച്ച ലോകത്ത് മനുഷ്യൻ ഒന്നിനും സമയമില്ലാതെ നെട്ടോട്ടം ഓടുമ്പോൾ അറിയാതെയാണേൽപ്പോലും വിസ്മരിക്കപ്പെടുന്ന യാഥാർത്ഥ്യമാണ് മേലുദ്ധരിച്ചത്. ഉത്തരാധുനികതയിൽ സമയചലനമനുസരിച്ച് മനുഷ്യനും ചലിക്കേണ്ടിവരുന്നു; ഓടേണ്ടിയതായി വരുന്നു എന്നുവേണേൽ പറയാം. ആർക്കും സമയമില്ല; ഒന്നിനും സമയമില്ല. തിരക്കിന്റെ സാധാരണത്വത്തിൽ കഴിയുന്നവർക്ക് 24 മണിക്കൂർ എന്നത് ചിലപ്പോൾ കുറവായി തോന്നിയേക്കാം.

“ഓ സമയം ഇല്ലെടാ” എന്നത് വർത്തമാനകാലഘട്ടത്തിന്റെ പതിവ് പല്ലവിയായിരിക്കുന്നു. ബസിൽ യാത്ര ചെയ്യുവാണേൽപോലും നമുക്ക് സമയമില്ല. ഫോണും, ബഡ്സും ഹെഡ്സെറ്റും അങ്ങനെ നമ്മെ കീഴടക്കാൻ തുടങ്ങിയില്ലേ... എന്തേ നമുക്ക് സമയമില്ല? ആരെയും കുറ്റപ്പെടുത്തുവാനോ വിധിക്കുവാനോ അല്ല. നമുക്ക് അതിന് കഴിയുകയുമില്ല; നാം അതിന് യോഗ്യരുമല്ല. പക്ഷേ ചിലത് നമുക്ക് ചൂണ്ടികാണിക്കാം, ബോധ്യപ്പെടുത്താം. നമുക്ക് നമ്മോട്തന്നെ ഒന്ന് ചോദിക്കാം : “ഞാൻ ഏറ്റവും അവസാനമായി അപരന്റെ മുഖത്ത് നോക്കി ഹൃദയം നിറഞ്ഞ് ഉള്ളിൽ ഓർമ്മിക്കാൻ തക്കതായ ഒരു പുഞ്ചിരി സമ്മാനിച്ചത് എന്നാണ്?

മിക്കപ്പോഴും നമ്മുടെ ചിരി പ്ലാസ്റ്റിക് പൂക്കൾ പോലെയല്ലേ...? സുന്ദരമാണേലും ആർട്ടിഫിഷ്യൽ തന്നെയായി നിൽക്കുന്നു. ‘ചീസ്’ എന്ന് പറഞ്ഞ് ഗ്രൂപ്പ് ഫോട്ടോ എടുക്കുമ്പോൾ അത് ശരിക്കും ഉള്ളിന്റെ നിറവിൽ നിന്ന് വരുന്നതാണോ എന്ന് ചിന്തിച്ചിട്ടുണ്ടോ? ആ ഒരു ക്ലിക്കിൽ മാത്രം ഒതുങ്ങുന്നതാണോ നമ്മുടെ പുഞ്ചിരി? ആത്മീയ നിറവിൽ (വിശുദ്ധി) കഴിയുന്ന വ്യക്തിയെ ഒരു അദൃശ്യകിരണം ചുറ്റിപ്പറ്റി നിൽക്കുന്നു എന്ന യാഥാർത്ഥ്യം ഉണ്ട്.

അത് തേജസ്സ് എന്നും വിശേഷിപ്പിക്കപ്പെടുന്നു. (ഭൗതീക സൗന്ദര്യ മല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്). ഹൃദയനിറവിലുള്ള ആ ദൈവ പതലിന് പുഞ്ചിരിയോടെ അല്ലാതെ ലോകത്തെ നോക്കാൻ സാധി ക്കുകയില്ല.

ഉള്ളിൽ മുറിവുകൾ പേറിയവന് ഹൃദയം തുറന്ന് ചിരിക്കാൻ ബുദ്ധിമുട്ടാണ്. ചിലപ്പോൾ സാധിക്കുകയില്ല എന്നുവേണേലും പറ യാം. എന്നാൽ ചിലരുണ്ട്, ദുഃഖത്തിന്റെ ആഴങ്ങളിൽ മുങ്ങിത്താഴു മ്പോഴും ഇനി എന്തെന്നറിയാതെ വേദനിക്കുമ്പോഴും എല്ലാ യാഥാർത്ഥ്യങ്ങളേയും ചെറുപുഞ്ചിരിയോടെ നേരിടുന്നവർ. വേദനി ച്ചെങ്കിലും വേദനിപ്പിക്കാതെ കരുതലോടെ മുമ്പേ നടക്കുന്നവർ. അവരെയാണ് ഭൂമിയിലെ മാലാഖമാർ എന്ന് വിശേഷിപ്പിക്കുന്നത്. ഞാൻ തോമസ് ചേട്ടനെ ഓർക്കുന്നു. കോട്ടയം ജില്ലയിലെ നവജീ വൻ ട്രസ്റ്റ് എന്ന സംഘടനയുടെ സ്ഥാപനകൻ (പി.യു. തോമസ്). സ്ഥാപകൻ എന്നതിലുപരി പ്രവർത്തകൻ എന്നുവിളിക്കുന്നതാണ് കൂടുതൽ ഉത്തമം എന്ന് തോന്നുന്നു. പതിറ്റാണ്ടുകളായി കോട്ടയം മെഡിക്കൽ കോളേജിൽ ആരുമില്ലാത്തവർക്കും ഒന്നുമില്ലാത്ത വർക്കും സങ്കേതമായിതീരുന്ന ഒരു ദൈവത്തിന്റെ മാലാഖ. തൃശൂർ മെഡിക്കൽ കോളേജിലും ചെന്നാൽ കാണാൻ സാധിക്കും. അതു പോലെ മാലാഖയെ "ജോയിയേട്ടൻ" എന്ന് എല്ലാവരും വിളിക്കും മദർ തെരേസയുടെ ഭാഷയിൽ പറയുകയാണേൽ 'ദൈവത്തിന്റെ പെൻസിലുകൾ' അവർ ഇന്നും നമ്മുടെ സമൂഹത്തിൽ ജീവിക്കുന്ന വരാണ്.

അവരെ നേരിൽ കണ്ടിട്ടുള്ള മനുഷ്യർക്ക് ഒരിക്കലും പരിഭവ പ്പെടുവാൻ സാധിക്കില്ല; ഒന്നിനും പരാതിപ്പെടാനും സാധിക്കുകയി ല്ല. അത്രമേലാണ് അവരുടെമേൽ ചൊരിയപ്പെട്ട ദൈവിക തേജസ്സ്. അവരുടെ നറുപുഞ്ചിരിയിൽ അവ ദൃശ്യമാണ്. പ്രശ്നങ്ങളുണ്ട്, പ്രയാസങ്ങളുണ്ട്. പച്ചയായ മനുഷ്യജീവിതത്തിലെ സ്ഥല യാഥാർത്ഥ്യങ്ങളിലൂടെയുമാണ് അവരും കടന്നുപോകുന്നത്. എന്നാൽ 'നൈർമ്മല്യത' എന്നതാണ് അവരെ വ്യത്യസ്ഥരാക്കുന്നത്.

എല്ലാ മനുഷ്യരിലും നിക്ഷിപ്തമായിരിക്കുന്ന വസ്തുത യാണ് ഹൃദയത്തിന്റെ നിർമ്മലത എന്നത്. സത്കർമ്മങ്ങൾ മാത്ര മാണ് അതിന്റെ പരിപോഷണം. എന്നിട്ട് നമുക്ക്തന്നെ ശ്രദ്ധിക്കാം. നമ്മുടെ ജീവിതാനുഭവങ്ങളിൽ, നമ്മുടെ പുഞ്ചിരികൾ മറ്റുള്ളവരിൽ സൃഷ്ടിക്കുന്ന അത്ഭുതങ്ങൾ. എവിടെയോ വായിച്ചത് ഓർക്കുന്നു. 'ഓരോ പുഞ്ചിരിയിലും ഒരു ദൈവ സ്പർശനം ഉണ്ട്. ആർക്കും ദോഷമാകാത്ത ഒരു പുഞ്ചിരി മതിയാകും ഒരായിരം ജീവിതത്തെ സ്നേഹമുള്ളതാക്കാൻ. പുഞ്ചിരിക്കാം, ആനന്ദിച്ച് ആഹ്ലാദിക്കാം...

# സ്വയം സ്നേഹിക്കാം... സന്തോഷമായിരിക്കാം...



നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)

നമ്മുടെ ചുറ്റും നോക്കുമ്പോൾ കരിയറിലും ജീവിതത്തിലും വെന്നിക്കൊടി പാറിച്ച് തലയുയർത്തി ആത്മവിശ്വാസത്തോടെ നിൽക്കുന്ന ധാരാളം ആളുകളെ കാണാൻ സാധിക്കും. എന്നാൽ അവരുടെ വിജയങ്ങൾക്കു പിന്നിൽ ആരാണ്?. സ്വന്തം കഴിവുകളിൽ വിശ്വാസം അർപ്പിച്ച അവർ തന്നെയാണ് അതിനു പിന്നിൽ.

സ്വയം സ്നേഹിക്കുക, സ്വയം വിലമതിക്കുക എന്നുള്ളവയാണ് മാനസിക സമാധാനം കൈവരിക്കാനും ജീവിതവിജയം നേടാനും ഉള്ള എളുപ്പവഴി. ജീവിത വിജയം എന്നു പറയുമ്പോൾ വലിയ ജോലി, പണം എന്നിവയാണെന്ന് കരുതരുത്. ഇന്നേദിവസം രാത്രി സമാധാനമായി ഉറങ്ങാൻ നിങ്ങൾക്കു സാധിക്കുന്നുണ്ടെങ്കിൽ മനസമാധാനം എന്തെന്നറിയാത്ത ഒരു കൂട്ടം ആളുകൾ ഉള്ള ഈ ലോകത്ത് നിങ്ങൾ വിജയിതന്നെയാണ്.

സ്വയം വിലമതിക്കാനും, സ്നേഹിക്കാനും ചെറിയ ചുവടുകൾ അനിവാര്യമാണ്.

**1) താരതമ്യം ഒഴിവാക്കുക.**

നിങ്ങൾ മത്സരിക്കേണ്ടത് നിങ്ങളോട് തന്നെയാണ്. നമ്മുടെ ആശ്വാസ മേഖല (Comfort Zone) തകർത്ത് പുറത്തുവരുക എന്നുള്ളതാവണം നമ്മുടെ ലക്ഷ്യം. പറയാൻ എളുപ്പമാണെങ്കിലും ഇതിൽ നിന്നു പുറത്തുവന്നു പുതിയ കാര്യങ്ങൾ ചെയ്യാനും പരീക്ഷിക്കാനും നാം ഒരിക്കലും മുതിരാറില്ല.

**2) തെറ്റുകളിൽ നിന്ന് പഠിക്കുക.**

നമ്മുടെ നന്മകൾ എന്തൊക്കെ എന്നു അറിയുന്നതിനോളം പ്രാധാന്യം ഉണ്ട് നമ്മുടെ തെറ്റുകളെയും കുറവുകളേയും മനസ്സിലാക്കുന്നതിലും. നിങ്ങളുടെ പോരായ്മകൾ മനസ്സിലാക്കുന്നിടത്ത് നിങ്ങൾ വിജയിക്കാൻ തുടങ്ങും. മുൻകാലങ്ങളിൽ വന്ന തെറ്റുകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് ഫലപ്രദമായി സമയം വിനിയോഗിക്കുക.

**3) കൂടെയുള്ളവരെ ശ്രദ്ധിക്കുക.**

നിങ്ങളുടെ വളർച്ചയിൽ താല്പര്യം ഉള്ളവരും, ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്യുന്നവരുമായി ചേർന്നുനിൽക്കുക.

ഇത് എങ്ങനെ കണ്ടെത്താം? മുൻകാലങ്ങൾ നോക്കുക, നിങ്ങളുടെ ആരോഗ്യവും നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങളും (ജോലി, ഹോബി എന്നിവ) പ്രോത്സാഹിപ്പിക്കുകയും അതിൽ അഭിവൃദ്ധി ഉണ്ടാകാൻ സഹായിക്കുകയും ചെയ്തിട്ടുള്ളവരാണോ കൂടെയുള്ള വർ, എങ്കിൽ അവരെ ചേർത്തുനിർത്തുക. കൂടെ ചേർന്നിട്ട് ഒരി ക്കലും നിങ്ങൾ താഴോട്ടുപോവുകയല്ലാതെ ഉയരാൻ സാധിച്ചിട്ടില്ലെ ങ്കിൽ ഈ ബന്ധങ്ങൾ ദുഃഖവും വേദനയും മാത്രമാണ് നൽകുന്ന തെങ്കിൽ നിങ്ങളുടെ മാനസിക സമാധാനം പരിഗണിച്ച് അവരിൽ നിന്നു അകന്നു നിൽക്കുക.

**4) സ്വയം മുൻഗണന നൽകുക**

ഇതുകേൾക്കുമ്പോൾ സ്വാർത്ഥതയാണെന്ന് തെറ്റിദ്ധരിക്കരുത്. പലരും വരുകയും പോവുകയും ചെയ്യുമെങ്കിലും നിങ്ങളുടെ ജീവി തത്തിൽ സ്ഥിരമായി ഉള്ളത് നിങ്ങൾ മാത്രമാണ്. സ്വയം പരിഗണി ക്കാനും സ്നേഹിക്കാനും സാധിച്ചില്ലെങ്കിൽ പയ്യെ പയ്യെ നാം ചുറ്റു മുള്ളവരെയും വെറുക്കാനും ശപിക്കാനും തുടങ്ങും. നിങ്ങൾക്കു വേണ്ടി ഞാൻ ജീവിതം കളഞ്ഞുഎന്ന് പ്രായാധിക്യത്തിൽ പരിതപി ക്കുന്നതിനേക്കാൾ നല്ലത്, സ്വന്തം കടമങ്ങൾ ചെയ്യുന്നതിനോടൊപ്പം സ്വയം സ്നേഹിക്കാനും ഇഷ്ടമുള്ളത് ചെയ്യാനും നല്ല പ്രായത്തിൽ സമയം കണ്ടെത്തുന്നതാണ്.

ഇഷ്ടമുള്ള പാട്ടുകേൾക്കാനും, ഹോബികൾ ചെയ്യാനും സമയം കണ്ടെത്തുക. കുറച്ചുസമയം എങ്കിലും നല്ല സുഹൃത്തുക്കളുമായി സംസാരിക്കാൻ ശ്രമിക്കുക. ഇടക്ക് സ്വയം കണ്ണാടിയിൽ നോക്കുക, കാഴ്ചയിൽ ആത്മവിശ്വാസം തോന്നാൻ നിങ്ങളാൽ ആയിരിക്കുന്ന അവസ്ഥയിൽ ചെയ്യാൻ കഴിയുന്ന ചെറിയ കാര്യങ്ങൾ മുടക്കം വരാതെ ചെയ്യുക. ഇടക്ക് യാത്രകൾ പോവുക, അടുത്തുള്ള പാർക്ക്, കടൽതീരം ഏതുമാകാം.

സ്വന്തം ഉത്തരവാദിത്വങ്ങൾ ചെയ്യാതെ, അലസമായി സ്വാർത്ഥ രായി, പെരുമാറുകയല്ല, പകരം 24 മണിക്കൂറും മറ്റുള്ളവർക്ക് നൽകാതെ അതിൽ അരമണിക്കൂറോ ഒരു മണിക്കൂറോ സ്വന്തം ഇഷ്ടങ്ങൾക്കുവേണ്ടി മാറ്റിവെക്കുക എന്നതാണ്. നമ്മുടെ ഈ സമയം (me time) ഫലപ്രദമായി ഉപയോഗിക്കുക. അതുവഴി വരുമാനം നേടുന്നവരുണ്ട്, സ്വയം സ്നേഹിക്കാൻ കഴിയുന്നവരുണ്ട്. അതുവഴി ചുറ്റുമുള്ളവർക്കും സമാധാനം നൽകാൻ നമുക്ക് സാധിക്കും.

ഇനിയും എനിക്ക് ഇതിനൊന്നും സമയം ഇല്ല, ജോലി ഒഴിഞ്ഞ് നേരം വേണ്ടേ എന്നു ചോദിക്കുന്നവർക്കായി.... ഒരു ദിവസം നിങ്ങൾ പെട്ടെന്ന് ഇല്ലാതായാൽ നിങ്ങളുടെ ചുറ്റുമുള്ള കാര്യങ്ങൾ നിന്നുപോകുമോ? ഇല്ല അവർ നിങ്ങൾ ഇല്ലാതെ ജീവിക്കാൻ പഠി ക്കും. നിങ്ങൾ ചെയ്തവ വേറെ ആരെങ്കിലും ഏറ്റെടുത്തു നടത്തും.

പാവനസ്മരണയ്ക്ക്

# 11-ാം ചരമവാർഷികം

25-08-2023







## ആലപ്പാട്ട് പോൾ

# വിജിലിയൂസ്

ജനനം
2-3-1942

മരണം
25-8-2012

തൃശ്ശൂർ റോഡ് കുന്നംകുളം

സ്മരണകളോടെ,

സന്തപ്ത കുടുംബാംഗങ്ങൾ

G

# സ്മരണാഞ്ജലി



വടക്കൂട്ട്
ചാക്കുണ്ണി ഭാര്യ

## ഏല്യ

കിഴക്കേ അങ്ങാടി
കുന്നംകുളം

ജനനം
15 – 10 – 1933

മരണം
22 – 08 – 2002

സ്മരണകളോടെ,
മക്കൾ, മരുമക്കൾ, പേരക്കിടാങ്ങൾ



## പാലട പ്രഥമൻ

## പരിപ്പ് പ്രഥമൻ

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക
2024 തിരുനാൾ കമ്മിറ്റിയുടെ ധനശേഖരണാർത്ഥം
പാലട/പരിപ്പ് പ്രഥമൻ വിതരണം ചെയ്യുന്നു.

2023 ആഗസ്റ്റ് 29 ചൊവ്വ (തിരുവോണദിവസം)
രാവിലെ 8 മുതൽ 10 മണി വരെ പള്ളി അങ്കണത്തിൽ

ആവശ്യമുള്ളവർ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ പക്കലോ, തിരുനാൾ കമ്മിറ്റിഅംഗങ്ങളുടെ പക്കലോ പേര് നൽകേണ്ടതാണ്.

Contact : 9961 999 487, 9387 155 830

# ഗർഭപാത്ര മുഴകൾക്കുള്ള നൂതന ചികിത്സാരീതി

## UTERINE FIBROID EMBOLISATION (UFE)



ഡോ. പോൾ സി. റാഫേൽ

ശരീരത്തിന്റെ പലഭാഗങ്ങളിലായി ഉണ്ടാകുന്ന അസ്വസ്ഥമായ കാൻസർ അല്ലാത്ത വളർച്ചകളെ അവയിലേക്കുള്ള രക്തയോട്ടം തടസ്സപ്പെടുത്തി ഇല്ലായ്മ ചെയ്യുന്ന രീതിയാണ് Embolisation. ഗർഭപാത്ര മുഴകളായ ഫൈബ്രോയ്ഡുകളെ ഇത്തരത്തിൽ ചുരുക്കി നശിപ്പിക്കുന്ന പ്രക്രിയയാണ് UFE. Interventional Radiology വിഭാഗത്തിൽപ്പെട്ട പ്രത്യേക പരിശീലനം നേടിയ ഡോക്ടർമാർ എക്സറേയും, സ്കാനിംഗ്, ഫ്ളൂറോസ് കോപ്പി എന്നിവയുടെ സഹായത്തോടെ ചെറിയ ഉപകരണങ്ങൾ മാത്രം ഉപയോഗിച്ചാണ് UFE നടത്തുന്നത്. ഇതൊരു ശസ്ത്രക്രിയ അല്ല. ഇന്ത്യയിലെ വലിയ ആശുപത്രികളിലെല്ലാം തന്നെ ഈ സംവിധാനം നിലവിലുണ്ട്.

പ്രത്യുല്പാദന പ്രായത്തിലുള്ള 50% സ്ത്രീകളിലും Fibroids കണ്ടുവരുന്നു. ഒരു പയറുമണിയുടെ വലുപ്പം മുതൽ 4–5 കിലോഗ്രാം വരെ തൂക്കമുള്ള Fibroids ഉണ്ട്. അമിത രക്തസ്രാവം, വേദന, വിളർച്ച, വലിയ മുഴകൾ, മൂത്രസഞ്ചിയിലോ കുടലിലോ ഞെക്കുന്നതുമൂലമുണ്ടാകുന്ന മൂത്രതടസ്സം, മലബന്ധം, വയറിന് വലിയ കനം തോന്നൽ, നടുവേദന, ക്ഷീണം, ശ്വാസംമുട്ടൽ തുടങ്ങിയ ലക്ഷണങ്ങളുണ്ടെങ്കിൽ Fibroids നീക്കം ചെയ്യേണ്ടതുണ്ട്. ബുദ്ധിമുട്ടുകൾ ഉണ്ടാക്കാത്ത Fibroids വെറുതെ വിടാവുന്നതേയുള്ളൂ. Fibroids നീക്കം ചെയ്യുന്ന ശസ്ത്രക്രിയയാണ് Myomectomy. എന്നാൽ ഏതാനും വർഷങ്ങൾക്കുശേഷം Fibroids വീണ്ടും ഉണ്ടാകാൻ സാധ്യതയുണ്ട്.

Fibroids ഇല്ലാതാക്കാനുള്ള ഈ പ്രക്രിയ ഒരു ശസ്ത്രക്രിയ അല്ല. ഇതിന് അനസ്തീഷ്യ ആവശ്യമില്ല. ചിലപ്പോൾ ഉറങ്ങാനായി കുത്തിവെപ്പ് നൽകാറുണ്ട്. തുടയിലോ കയ്യിലോ മരവിപ്പിച്ചശേഷം ഞരമ്പിലൂടെ ഒരു സൂചി കടത്തുന്നു. അതിലൂടെ നേരിയ, അയവുള്ള (ആവശ്യാനുസരണം വളയ്ക്കാവുന്ന) ഒരു ട്യൂബ്, Fibroidsന് രക്തയോട്ടം നല്കുന്ന രക്തക്കുഴലിലേക്ക് നയിക്കുന്നു. പ്ലാസ്റ്റിക്, ജെലാറ്റിൻ പോലുള്ള ചെറുതരികൾ ട്യൂബിലൂടെ കുത്തിവെയ്ക്കുന്നു. ഈ തരികൾ രക്തക്കുഴലിൽ ഒട്ടിപ്പിടിച്ച് രക്തക്കട്ടകൾ (Clots)

ഉണ്ടായി രക്തയോട്ടം തടസ്സപ്പെടുന്നു. അതോടെ Fibroids ചുരുങ്ങി ഇല്ലാതാകുന്നു.

ഏതാനും മണിക്കൂറുകൾക്കുശേഷം തടസ്സം മാറി രക്ത യോട്ടം പഴയസ്ഥിതിയിലാകുന്നു. ഇതിനകം തന്നെ Fibroids ചുരു ങ്ങിപ്പോയിരിക്കും. ഈ ചികിത്സക്ക് Fibroidsസിന്റെ വലുപ്പം, എണ്ണം, സ്ഥാനം എന്നിവ അനുസരിച്ച് 30 മിനിട്ടുമുതൽ ഒന്നോ രണ്ടോ മണി ക്കൂർ വരെ സമയമെടുക്കും. അണുബാധ ഒഴിവാക്കാൻ ആന്റിബ യോട്ടിക്സ് നല്കുന്നു. ആശുപത്രിയിൽ ഒരു ദിവസം മാത്രം കിട ന്നാൽ മതി. സ്റ്റിച്ചുകളോ മുറിപ്പാടുകളോ ഉണ്ടാവില്ല. 3 ദിവസ ങ്ങൾക്കുശേഷം സാധാരണ ചെയ്യുന്ന എല്ലാ പ്രവൃത്തികളും ചെയ്യാം.

ശസ്ത്രക്രിയയേക്കാൾ പത്തിരട്ടി സുരക്ഷിതമാണ് UFE. വേദനയും വളരെ കുറവാണ്. ചെയ്തയുടൻ തന്നെ നടക്കാനാകും. രക്തസ്രാവം തീരെയില്ല. Fibroids വീണ്ടും ഉണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. വിജയസാധ്യത 90-95% ആണെന്നാണ് കണക്കു കൾ സൂചിപ്പിക്കുന്നത്. UFEക്ക് ശേഷം രോഗലക്ഷണങ്ങൾ ക്രമേണ ഇല്ലാതാകുന്നു. 3-6 മാസങ്ങൾക്കുശേഷം MRI സ്കാൻ ചെയ്ത് ചികിത്സാഫലം ഉറപ്പുവരുത്തുന്നു.

UFEക്ക് ശേഷം Fibroidsന്റെ വലുപ്പമനുസരിച്ച് ചിലർക്ക് ഏതാനും ദിവസം വയറിനകത്ത് സഹിക്കാവുന്ന തരത്തിലുള്ള വേദനയുണ്ടാകാം. മരുന്നുകൾ കഴിച്ച് മാറ്റാവുന്നതേയുള്ളൂ. യോനിയിലൂടെ രക്തം കലർന്ന സ്രവം കുറച്ചു ദിവസങ്ങളിൽ ഉണ്ടാ കാം. ഇത് തന്നെ മാറും. അത്യപൂർവ്വമായി Fibroidsന്റെ സ്ഥാനമനു സരിച്ച് ഗർഭപാത്രത്തിലേക്കുള്ള രക്തയോട്ടവും കുറഞ്ഞുപോകു ന്നു. ഇവരിൽ ഗർഭപാത്രം നീക്കം ചെയ്യേണ്ടിവരുന്നു. ചിലർക്ക് താൽക്കാലികമായോ സ്ഥിരമായോ മാസമുറ നിലയ്ക്കുന്നു. ഗർഭ ധാരണം ആഗ്രഹിക്കുന്ന വളരെ ചെറിയൊരു ശതമാനം സ്ത്രീക ളിൽ മാത്രമെ ഇതൊരു വിഷയമാകാറുള്ളൂ. അബോർഷൻ സാധ്യ തയും ഉണ്ടാകാം. എല്ലാ കാര്യങ്ങളും ഡോക്ടറുമായി തുറന്നു ചർച്ച ചെയ്തശേഷം മാത്രമേ ചികിത്സക്ക് വിധേയമാകേണ്ടതുള്ളൂ.

ഗൈനക്കോളജിസ്റ്റ് ഡോക്ടർമാരാണ് Fibroids കണ്ടുപിടിച്ച് ചികിത്സിക്കുന്നത്. രോഗലക്ഷണങ്ങളൊന്നും ഇല്ലാത്തവരെ വെറുതെ വിടുകയും നിശ്ചിത സമയങ്ങളിൽ പുനഃപരിശോധയ്ക്ക് വിധേയരാക്കുകയും ചെയ്യുന്നു. ചുരുക്കം ചില രോഗികളെ നേരിട്ട് ശസ്ത്രക്രിയയ്ക്ക് വിധേയരാക്കുന്നു. മറ്റുള്ളവരെ UFEക്കായി തിര ഞ്ഞെടുക്കുന്നു. ചികിത്സയുടെ വിവിധ വശങ്ങളെപ്പറ്റി പറഞ്ഞുമന

സ്സിലാക്കികൊടുത്ത ശേഷം Interventional Radiologist ഡോക്ടർമാരുടെയടുത്ത് പറഞ്ഞു വിടുന്നു. MRI സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ നടത്തി കാര്യങ്ങൾ ഉറപ്പാക്കിയ ശേഷം രോഗി UFE പ്രക്രിയയ്ക്ക് വിധേയമാക്കപ്പെടുന്നു. ഇതിന്റെ ചെലവ് 80,000 രൂപ അല്ലെങ്കിൽ അല്പം കൂടുതലോ കുറവോ ആകാം.

കാൽമുട്ടുകളുടെ തേയ്മാനം (Osteoarthritis), തോൾ വേദന (Frozen Shoulder), പുരുഷന്മാരുടെ Prostrate ഗ്രന്ഥി വീക്കം എന്നിവയ്ക്കും Embolisation ചികിത്സ വളരെ ഫലപ്രദമാണ്.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
## 2024 ഇടവക തിരുനാൾ കമ്മറ്റി

വികാരി
**റവ. ഫാ. ദാവീദ് വിതയത്തിൽ**
✆ 7012043479

ജനറൽ കൺവീനർ
**വി.ജെ. സുനിൽ**
✆ 9447615901

ജോ. ജനറൽ കൺവീനർ
**വി.സി. ജോസി**
✆ 9847017297

ഫിനാൻസ്
**ജിജോ കെ. ജോർജ്ജ്**
✆ 7559952442

പബ്ലിസിറ്റി
**എൻ.ജെ. ജെയ്മോൻ**
✆ 8848929956

പ്രോഗ്രാം
**കെ.ജി. ബാബു**
✆ 9961999487

പ്രസുദേന്തി
**ഷോബി റൊണാൾഡ്**
✆ 9539295195

ഇലുമിനേഷൻ
**ജോൺസൺ പാവു**
✆ 9447654230

വളണ്ടിയർ
**പി.ജെ. ടോണി**
✆ 9562462383

റിഫ്രെഷ്മെന്റ്
**എം.കെ. ദേവസ്സി**
✆ 9495328758

നേർച്ച
**കെ.ജെ. ജെയ്സൺ**
✆ 9947659286

വർണ്ണമഴ
**ലിയോൺ ജോർജ്ജ്**
✆ 9605614973

അലങ്കാരം
**ജാൻസി ആന്റോ**
✆ 9846179169

ലിറ്റർജി
**സിസ്റ്റർ ആൻജോസ് CMC**
✆ 9495730695

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 06-08-2023 | 3.00 pm | സെന്റ് ജോസഫ് | ചുങ്കത്ത് ബേബി പേൾജു (ഗുരുവായൂർ റോഡ്) |
| 06-08-2023 | 4.30 pm | മേരിമാതാ | പുത്തനങ്ങാടി ഔസേപ്പ് ഡോ. ജോസഫ് (ബഥനി സെന്റ് ജോൺസ് സ്കൂളിന് സമീപം, തൃശൂർ റോഡ്, കുന്നംകുളം) |
| 13-08-2023 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ഔസേപ്പ് ആന്റണി (കക്കാട്) |
| 13-08-2023 | 4.30 pm | സെന്റ് തോമസ് | കാഞ്ഞിരത്തിങ്കൽ റീന ഡേവിസ് (മേലങ്ങാടി, ചിറളയം) |
| 20-08-2023 | 3.00 pm | സെന്റ് ജോർജ്ജ് | വലിയവീട്ടിൽ ഫിലോമിന മോൺസി (ഗുഡ്ഷെപ്പേഡിന് സമീപം, കുന്നംകുളം) |
| 20-08-2023 | 4.30 pm | സെന്റ് സേവ്യർ | കാറ്റാടി വത്സ തോമസ് (ചൈതന്യ സ്കൂളിന് സമീപം, കുറുക്കൻപാറ) |

# ഇടവക പ്രതിനിധി യോഗം

**2023 ആഗസ്റ്റ് 20 ഞായർ രാവിലെ 7.30ന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക

**വിശ്വാസപരിശീലന പി.ടി.എ. യുടെ നേതൃത്വത്തിൽ**

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്**

**2023 ആഗസ്റ്റ് 13 ഞായറാഴ്ച**

**പ്രസംഗമത്സരം | ചിത്രരചനാ മത്സരം | സംഘഗാന മത്സരം**

---

**ഓണാഘോഷത്തോടനുബന്ധിച്ച്**

**2023 ആഗസ്റ്റ് 27 ഞായറാഴ്ച**

**പൂക്കളമത്സരവും**

**ആവേശകരമായ വിവിധമത്സരങ്ങളും**

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ആഗസ്റ്റ്**

1 ചൊവ്വ കൈത്ത മൂന്നാം ചൊവ്വ
പതിനഞ്ച് നോമ്പാരംഭം
വി. അൽഫോൻസ് ലിഗോരി
കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM
4 വെള്ളി കൈത്ത മൂന്നാംവെള്ളി
ആദ്യവെള്ളി
വി. ജോൺ മരിയ വിയാനി
5 ശനി സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM
കൈത്ത നാലാം ഞായർ
6 ഞായർ നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
8 ചൊവ്വ കൈത്ത നാലാം ചൊവ്വ
വി. ഡൊമിനിക് പു.
11 വെള്ളി കൈത്ത നാലാം വെള്ളി
വി. ക്ലാര ക.
14 തിങ്കൾ കൈത്ത അഞ്ചാം തിങ്കൾ.
വി. മാക്സ്മില്യൻ കോൾബേ
15 ചൊവ്വ കൈത്ത അഞ്ചാം ചൊവ്വ
പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
ഇന്ത്യൻ സ്വാതന്ത്ര്യദിനം
21 തിങ്കൾ കൈത്ത ആറാം തിങ്കൾ
വിശുദ്ധ പത്താം പീയൂസ് മാർപാപ്പ
24 വ്യാഴം കൈത്ത ആറാം വ്യാഴം
ബർത്തലോമിയോശ്ലീഹ
25 വെള്ളി കൈത്ത ആറാം വെള്ളി
വി. ശിമയോൻ ബർസാബയും, സഹ രക്തസാക്ഷികളും
28 തിങ്കൾ കൈത്ത ഏഴാം തിങ്കൾ
വി. അഗസ്റ്റിൻ മേ.മ.
29 ചൊവ്വ കൈത്ത ഏഴാം ചൊവ്വ
വി. എവുപ്രാസ്യ ക.

**സെപ്തംബർ**

1 വെള്ളി കൈത്ത ഏഴാം വെള്ളി
എട്ട് നോമ്പാരംഭം
സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM
2 ശനി കൈത്ത ഏഴാം ശനി
സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM
3 ഞായർ ഏലിയാശ്ലീവ മൂശ ഒന്നാം ഞായർ
ഏലിയ ഒന്നാം ഞായർ
സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM

# സെന്റ് തോമസ് കുടുംബകൂട്ടായ്മാ വാർഷികം



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക, സെന്റ് തോമസ് കുടുംബ കൂട്ടായ്മാ വാർഷികം 2023 ജൂലൈ 30 ഞായറാഴ്ച വൈകീട്ട് 7 മണിക്ക് സെഹി യോൻ ശാലയിൽ (പള്ളി പാരിഷ്ഹാളിൽ) സമുചിതമായി ആഘോഷിച്ചു. കുടും ബകൂട്ടായ്മ പ്രസിഡന്റ് പോയിസ് ജേബിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി റവ. ഫാദർ ദാവീദ് വിതയത്തിൽ ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റ് എൻ.ജെ.. ജെയ്മോൻ സ്വാഗതം പറഞ്ഞ യോഗ ത്തിൽ സെക്രട്ടറി ലാലി വിനയൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് CMC, കൈക്കാരൻ കെ.ജെ. ജെയ്സൺ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി പ്രസിഡന്റ് ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപന സമിതി സെക്രട്ടറി സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ.യും ടച്ച്മീ പാരിഷ് ബുള്ളറ്റിൻ സെക്രട്ടറിയും കൂടിയായ വി.സി. ജോസി, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.ആർ. ആന്റോ, സെന്റ് ജോർജ്ജ് കുടുംബകൂ ട്ടായ്മ പ്രസിഡണ്ട് വി.എ. ജോസ്, സെന്റ് ആന്റണി കുടുംബകൂട്ടായ്മ പ്രസി ഡണ്ട് സി.എം. സാംസൺ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, മേരിമാത കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. കുട്ടികളുടേയും മുതിർന്നവരു ടേയും വൈവിധ്യങ്ങളായ കലാപരിപാടികളും അരങ്ങേറി. ഈ വർഷം വിവാഹ ത്തിന്റെ 50-ാം വാർഷികം ആഘോഷിച്ച ദമ്പതികളേയും വിവിധ രംഗങ്ങളിൽ മികവ് തെളിയച്ചവരേയും ആദരിച്ചു.

കുടുംബകൂട്ടായ്മ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം വാർഷികത്തിന് മാറ്റ് കൂട്ടി. സമ്മാനദാനത്തിന് ശേഷം ജോ. സെക്രട്ടറി അനി ലിയോൺ നന്ദി പറഞ്ഞ യോഗം, സ്നേഹവിരുന്നോടെ സമാപിച്ചു.

# പരിശുദ്ധ മറിയം ; മഹത്വത്തിന്റെ കീർത്തനം പാടിയവൾ



സിസ്റ്റർ ജെസ്റ്റിന CMC



മറിയം പറഞ്ഞു : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു (ലൂക്കാ 1/46)

തന്റെ ജീവിതത്തെ ദൈവമഹത്വത്തിന്റെ കീർത്തനമാക്കിയവളാണ് പരിശുദ്ധ മറിയം. എല്ലാം ദൈവമഹത്വത്തിനായി ചെയ്ത് തീർത്തവൾ. രക്ഷകന്റെ അമ്മയാകാൻ ഓരോ യഹൂദ കന്യകയും കാത്തിരുന്ന, സ്വപ്നം കണ്ടകാലത്ത് രക്ഷകന്റെ അമ്മയാകാൻ താൻ യോഗ്യയല്ല, രക്ഷകന്റെ അമ്മയുടെ ഒരു അടിമയായി താൻ ജീവിച്ചുകൊള്ളാമെന്ന് ഹൃദയത്തിൽ തീരുമാനിച്ചുറച്ച പരിശുദ്ധ മറിയം. പരിശുദ്ധ കന്യകയുടെ എളിയഭാവത്തിന് ദൈവം നൽകിയ മറുപടിയാണ് രക്ഷകന്റെ അമ്മയെന്ന സ്ഥാനം. ഇതാ കർത്താവിന്റെ ദാസി എന്ന് പ്രത്യുത്തരിച്ച നിമിഷം മുതൽ ജീവിതത്തിൽ നേരിടേണ്ടിവന്ന എല്ലാ സഹനവേളയിലും പരിശുദ്ധ മറിയം ദൈവഹിതത്തോട് മൗനമായി 'Yes' പറഞ്ഞു. എല്ലാം ദൈവമഹത്വത്തിനായി ചെയ്തു തീർത്തു. മാനവകുലത്തെ രക്ഷിക്കാൻ തന്റെ പുത്രനെ വിട്ടുകൊടുത്തപ്പോൾ ദൈവപിതാവിന്റെ ഹിതത്തോട് പരിശുദ്ധ കന്യക കീഴ്‌വഴങ്ങി. മാനുഷികമായ രീതിയിൽ ചിന്തിച്ചാൽ ചുറ്റുമുള്ളവർക്ക് നന്മമാത്രം ചെയ്ത തന്റെ ഏകപുത്രനെ യഹൂദർ ക്രൂശിക്കുന്നതുകണ്ട് അനീതിയെന്ന് മറിയത്തിന് വിളിച്ചു പറയാമായിരുന്നെങ്കിലും ദൈവനീതിക്ക് പ. മറിയം സ്വയം സമർപ്പിച്ചു.

അതേ, ദൈവപുത്രന്റെ അമ്മയായിട്ടും സ്വയം ദൈവത്തിന്റെ ദാസിയായി കണ്ട പ. മറിയത്തിന് പരിശുദ്ധ ത്രിത്വം നൽകിയ വലിയ ബഹുമതിയാണ് പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണം എന്നത്.

തന്റെ പുത്രനെ വഹിച്ച ഉദരത്തെ മണ്ണിൽ മലീമസമാക്കാൻ ദൈവപിതാവ് ഇഷ്ടപ്പെടായ്കകൊണ്ട് പരിശുദ്ധ മറിയത്തിന് കൈവന്ന സൗഭാഗ്യം-മറിയത്തിന്റെ സ്വർഗ്ഗാരോപണം. തന്നോടൊപ്പം രക്ഷാകര രഹസ്യത്തിൽ പങ്കുചേർന്ന പരിശുദ്ധ അമ്മയെ ദൈവപുത്രനായ ഈശോ അത്രമേൽ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തതിന്റെ പ്രതിഫലനം - മറിയത്തിന്റെ സ്വർഗ്ഗാരോപണം. പരിശുദ്ധാത്മാവിനാൽ നിരന്തരം നയിക്കപ്പെട്ട പരിശുദ്ധ മറിയത്തിന് നൽകപ്പെട്ട മഹത്വം - സ്വർഗ്ഗാരോപണം.

പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ഈ ഭൂമിയിൽ വെച്ച് ഈശോയെ മഹത്വപ്പെടുത്തി ജീവിച്ചവരെ സ്വർഗ്ഗത്തിൽ ദൈവപിതാവിന് മുമ്പിൽ സ്വർഗ്ഗനിവാസികൾക്ക് മുമ്പിൽ മഹത്വപ്പെടുത്തുന്നവനാണ് ഈശോ. ഈ ലോകത്തിൽ പരിശുദ്ധ അമ്മ പരിശുദ്ധ ത്രിത്വത്തെ മഹത്വപ്പെടുത്തി, സ്വർഗ്ഗത്തിൽ പരിശുദ്ധത്രിത്വം പരിശുദ്ധ അമ്മയെ മഹത്വപ്പെടുത്തി.

ജീവിതത്തിലെ ഏത് സാഹചര്യത്തിലും ദൈവത്തെ മഹത്വപ്പെടുത്താൻ നമുക്ക് ഉത്സുകരാകാം. അങ്ങനെ മഹത്വത്തിന്റെ കിരീടം സ്വീകരിക്കാൻ നമുക്കും ഒരുങ്ങാം.

***2023 ജൂൺ മാസത്തിൽ കുന്നംകുളം മാതൃവേദി ദൈവാലയത്തിൽ വെച്ച് ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തലിന്റെ നേതൃത്വത്തിൽ നടത്തിയ എഴുത്തിനിരുത്തൽ***





# സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
## കുന്നംകുളം

### ചിറളയം സെന്റ് മേരീസ് കപ്പേളയിൽ
### പരിശുദ്ധ മാതാവിന്റെ

# ജനന തിരുനാൾ



**2023 സെപ്തംബർ 8 വെള്ളി**

പ്രിയരെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ,ചിറളയം സെന്റ് മേരീസ് കപ്പേളയിൽ 2023 സെപ്തംബർ 8 വെള്ളിയാഴ്ച പൂർവ്വാധികം ഭംഗിയോടെ ആഘോഷിക്കുന്ന വിവരം, സന്തോഷത്തോടെ അറിയിക്കുന്നു.

സെപ്തംബർ 1 വെള്ളി മുതൽ സെപ്തംബർ 7 വ്യാഴം വരെ വൈകീട്ട് 6.30ന് സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന.

സെപ്തംബർ 8 വെള്ളിയാഴ്ച ഇടവക ദൈവാലയത്തിൽ വൈകീട്ട് 5.30ന് മേരി നാമധാരികളുടെ കാഴ്ചസമർപ്പണവും, ആശീർവാദവും, വിശുദ്ധ കുർബാനയും. തുടർന്ന് സെന്റ് മേരീസ് കപ്പേളയിലേക്ക് പ്രദക്ഷിണവും, കപ്പേളയിൽ ആഘോഷമായ ലദീഞ്ഞും, നൊവേനയും ദൈവാലയ അങ്കണത്തിൽ സ്നേഹവിരുന്നും.

തിരുകർമ്മങ്ങളിൽ പങ്കെടുത്ത് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ച് ദൈവാനുഗ്രഹം പ്രാപിയ്ക്കുവാൻ ഏവരേയും സന്തോഷത്തോടെ ക്ഷണിക്കുന്നു.

നല്ലവരായ ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യവും സഹായ സഹകരണവും പ്രതീക്ഷിക്കുന്നു.

എന്ന്

| | |
|---|---|
| വികാരി | കൺവീനർ |
| **റവ. ഫാ. ദാവീദ് വിതയത്തിൽ** | **കെ. ജി. ബാബു** |

കൈക്കാരന്മാർ

**എൻ. ജെ. ജെയ്മോൻ, കെ. ജെ. ജെയ്സൺ, ജോസ് കിരൺ**


Happy 48th Anniversary
31-08-2023
M.L. Thomachan
Celina Thomachan
Madathiparambil House
Kaniyambal Road, Kunnamkulam
ആശംസകളോടെ : മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


29th
ANNIVERSARY
28-08-2023
Ullasan & Jeena
Vazhappilly House, Chiralayam - Kunnamkulam
Best Compliments From : Anjana & Jijoy | Akhila & Augastine



# വിശ്വാസജീവിതം

റീന ടീച്ചർ

'വിശ്വാസമില്ലാത്തവന് ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല'. ദൈവം പ്രസാദിച്ചാൽ അഥവാ ദൈവം നമ്മെ ഏറ്റെടുത്താൽ അനുഗ്രഹം സുനിശ്ചിതം. ദൈവം അനുഗ്രഹിക്കാൻ തുടങ്ങിയാൽ, അവിടുന്ന് വിശ്വസ്തനാകയാൽ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും. ഇതാണ് ദൈവത്തിന്റെ സവിശേഷത. എന്നാൽ ബലഹീനരായ മനുഷ്യർ ദീർഘക്ഷമയോടെ കർത്താവിൽ വിശ്വസിച്ച് പ്രാർത്ഥിച്ച്, ദൈവം പ്രസാദിക്കുന്ന നിമിഷം വരെ, താഴ്മയോടെ, ദാസന്റെ മനോഭാവം സ്വീകരിച്ച് മുട്ടുമടക്കിയാൽ വിശ്വസ്തനായ ദൈവത്തിന് പ്രസാദിക്കാതിരിക്കുക അസാധ്യമാണ്. അതിനാലാണ് ഈശോ അരുളി ചെയ്തത്, നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് നദിയിൽ ചെന്ന് വീഴുക എന്ന് പറഞ്ഞാൽ അത് അനുസരിക്കുമെന്ന്.

പ്രിയ ദൈവജനമെ, കാര്യസാധ്യങ്ങൾക്കപ്പുറത്ത് നിത്യജീവൻ കരസ്ഥമാക്കി ദൈവരാജ്യത്തിലെ അംഗങ്ങളാകാൻ പരിശ്രമിക്കുന്ന ക്രിസ്ത്യാനീ, ഈശോയുടെ മാതൃക മാത്രമാണ് വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനം എന്നറിയുക. അത് ക്ഷമിക്കുന്ന സ്നേഹത്തിന്റെ സഹനമാതൃകയുടെ മകുടോദാഹരണമാണ്. ജീവിതത്തിൽ വിശ്വാസം പരീക്ഷിക്കപ്പെടുന്നത്, വിദ്യാർത്ഥികൾ കടന്നുപോകുന്ന പരീക്ഷകളോട് ഉപമിക്കുന്നതിനു കാരണം, രണ്ട് കാര്യങ്ങളിലും ഫലം വന്നതിനുശേഷം സ്വയം വിലയിരുത്തി, മാറ്റം വരുത്തി, വീണ്ടും കഠിനാദ്ധ്വാനം ചെയ്ത്, വിശ്വാസം എന്ന പരീക്ഷാപേപ്പറിൽ "A' grade വാങ്ങാൻ നാം പടപൊരുതേണ്ടിയിരിക്കുന്നു. വിശ്വാസം പരീക്ഷിക്കപ്പെട്ടപ്പോൾ സ്നേഹത്തോടെ പ്രാർത്ഥനയോടെ കാത്തിരുന്ന വി. തോമാശ്ലീഹായെ നമുക്കോർക്കാം. ഈശോ മധ്യവർത്തിയെ അയയ്ക്കാതെ സ്വയം ശൂന്യനായി എളിയവനായ ഒരു മനുഷ്യന്റെ മുൻപിൻ വന്നത് തന്റെ തിരുവിലാവും കൈകളും കാണിച്ച് നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്ന് അരുളി ചെയ്ത കാരുണ്യം നമ്മോടും അവിടുന്ന് കാണിക്കുമെന്നത് നിസ്സംശയം വിശ്വസിക്കാം. അങ്ങനെ ആ കരുണാദ്രസ്നേഹത്തെ നമുക്കനുഭവിക്കാൻ കഴിഞ്ഞാൽ മാത്രമെ, ഏത് പ്രതിസന്ധിയിലും, മരിക്കേണ്ടിവന്നാൽപോലും ഈശോയിലുള്ള വിശ്വാസം സംരക്ഷിച്ച്, നാം അപ്പമായ ഈശോയോടു ചേർന്ന് ജീവി

ക്കുമ്പോൾ അവിടുന്ന് പ്രസാദിക്കുകയും, അവിടുത്തെ ശക്തിയും പരിപാലനയും ഓരോ നിമിഷവും നമുക്കനുഭവിക്കാൻ സാധിക്കുകയും ചെയ്യുന്നത്. പഴയനിയമത്തിലെ ജോബ്, അബ്രഹാം, നോഹയിലും പുതിയ നിയമത്തിലെ അപ്പസ്തോലന്മാർ തിരിതെളിച്ച് വിശ്വാസത്തിനുവേണ്ടി പടപൊരുതിയ അല്മായ വിശുദ്ധനായ ദേവസഹായം പിള്ളവരെ, എണ്ണിയാൽ ഒടുങ്ങാത്ത വിശുദ്ധാത്മാക്കൾ നമ്മുടെ കത്തോലിക്ക സഭയ്ക്കായുണ്ട്. ഇന്നും മണിപ്പൂർ ജനത മാതൃകാപരമായ വിശ്വാസജീവിതം തുറന്നു കാണിക്കുന്നു. അതിനാൽ സഹോദരരേ നമുക്കും ഈശോയിൽ വിശ്വസിച്ച് ആനന്ദിച്ച് ജീവിതം മുന്നോട്ട് തുഴയാം. ഈശോയുടെ വചനത്തിലൂടെ ഓരോ ജീവിതാനുഭവങ്ങളിലും അത്ഭുതകരമായ ഇടപെടൽ കാണാൻ നമുക്ക് സാധിക്കട്ടെ. വി. ഗ്രന്ഥപാരായണവും വചനം പഠിക്കുന്നതും ജീവിക്കാൻ ശക്തിയേകുന്നു. വചനത്തിനല്ലാതെ മറ്റൊരു ശക്തിയ്ക്കും ശാശ്വതമായ പരിഹാരം നമ്മുടെ ജീവിത പരീക്ഷകളിലും പരീക്ഷണങ്ങളിലും നൽകാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പിച്ചു പറയട്ടെ. വചനം നമ്മെ ആശ്വസിപ്പിക്കുന്നു, പഠിപ്പിക്കുന്നു, സന്തോഷിപ്പിക്കുന്നു, ശക്തിപ്പെടുത്തുന്നു, വഴികാണിക്കുന്നു. വചനം അറിയാത്തവനു വഴി തെറ്റുമെന്നത് തീർച്ചയാണ്. അതിനാൽ വചനാധിഷ്ഠിതമായ ഒരു വിശ്വാസജീവിതം ഈ ഭൂമിയുള്ള കാലം നമുക്കനുവർത്തിക്കാം. അതിനായ് പരിശ്രമിക്കാം. നമ്മുടെ പരി. അമ്മ നമ്മെ സഹായിക്കട്ടെ.



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മണിപ്പൂരിൽ പീഢനങ്ങൾക്കും അക്രമങ്ങൾക്കും ഇരയായ സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ പ്രതിഷേധയോഗം

# തളരരുത്... കരുത്താർജ്ജിക്കുക. നിങ്ങൾക്കും വിജയിക്കാനാകും.



സിസ്റ്റർ അൻസ ജോസ് CMC

സുപ്രസിദ്ധ പണ്ഡിതനും വാഗ്മിയുമായിരുന്നു ആർച്ച് ബിഷപ്പ് ഫുൾട്ടൺ ഷീൻ. അദ്ദേഹത്തിന്റെ ബാല്യകാലത്തെ ഒരു സംഭവം ഇവിടെ വിവരിക്കട്ടെ. ഷീനിന് 12 വയസ്സുള്ളപ്പോൾ ന്യൂയോർക്കിലെ വലിയൊരു പള്ളിയിൽ അന്നത്തെ ന്യൂയോർക്ക് ആർച്ച് ബിഷപ്പ് സന്ദർശിക്കാനെത്തി. പള്ളിയിൽ പൂജാസമയത്ത് മെത്രാപ്പോലീത്തയുടെ കൈ കഴുകുന്നതിന് കണ്ണാടിപാത്രത്തിൽ വെള്ളം കൊണ്ടുപോയികൊടുക്കുക എന്ന ജോലിയായിരുന്നു ബാലനായ ഷീൻ ചെയ്യേണ്ടിയിരുന്നത്. പളുങ്കുപാത്രത്തിൽ വെള്ള മെടുത്തു കൊണ്ട് മെത്രാപ്പോലീത്തായുടെ പക്കൽ നടന്നടുത്ത ബാലന്റെ കയ്യിൽ നിന്നും അറിയാതെ പാത്രം നിലത്തുവീണു.

വലിയൊരു കിലുക്കത്തോടുകൂടി ആ പളുങ്കുപാത്രം കഷ ണങ്ങളായി ചന്നിച്ചിതറി ബലിവേദിക്കു മുമ്പിൽ കിടന്നു. ഈ അനി ഷ്ടസംഭവം കണ്ട് ചുറ്റും നിന്നവരെല്ലാം അന്ധാളിച്ചു. ബലിപീഠ ത്തിന്റെ മുമ്പിൽ പാത്രമുടച്ച ഷീൻ എന്ന ബാലൻ ഭയന്നുവിറച്ചു. മെത്രാപ്പോലീത്തായുടെ പ്രതികരണം എന്തെന്നറിയാൻ ആളുകൾ നോക്കി. മഹാനുഭാവനായ മെത്രാപ്പോലീത്തയാകട്ടെ തന്റെ മുമ്പിൽ ഭയവിഹ്വലനായി നിൽക്കുന്ന ബാലനെ നോക്കി പുഞ്ചിരിതൂകി.

അനന്തരം അദ്ദേഹം ബാലന്റെ തോളിൽ തട്ടിക്കൊണ്ട് ചോദി ച്ചു. എന്താണ് നിന്റെ പേര്? എന്റെ പേര് ഫുൾട്ടൻ ഷീൻ-ബാലൻ പറ ഞ്ഞു. അപ്പോൾ അദ്ദേഹം മന്ദസ്മിതത്തോടെ പറഞ്ഞു; കൊള്ളാം ഷീൻ. നിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ബൽജിയ ത്തുള്ള വിഖ്യാതമായ ലുവെയിൻ സർവകലാശാലയിൽ ചേർന്ന് നീ പഠിക്കണം. മെത്രാപ്പോലീത്തായുടെ സുസ്മേരവദനം കണ്ടപ്പോൾ ഷീനിന്റെ ബാലഹൃദയത്തിന് കുളിർമ അനുഭവപ്പെട്ടു. അവൻ സന്തോഷിച്ചു. അന്ന് മെത്രാപ്പോലീത്ത നിർദ്ദേശിച്ചതുപോലെ ആ ബാലൻ ലുവെയിൻ സർവ്വകലാശാലയിൽ ചേർന്ന് പഠിച്ച് തത്വശാ സ്ത്രത്തിൽ പ്രശസ്ത ബിരുദങ്ങൾ സമ്പാദിച്ചു.

പണ്ഡിതനും വാഗ്മിയും ടെലിവിഷൻ താരവുമായി പ്രശോ ഭിച്ച ഷീൻ ന്യൂയോർക്ക് മെത്രാപ്പോലീത്തായുടെ ആ മന്ദഹാസം എപ്പോഴും ഓർത്തിരുന്നു. ആ മന്ദഹാസമാണ് അദ്ദേഹത്തിന് ജീവി തവിജയം നേടിക്കൊടുത്തത്. ഒരു മന്ദഹാസത്തിന്റെ മാസ്മരശക്തി!

പ്രിയമുള്ള കുഞ്ഞുമക്കളെ, നമ്മുടെ ജീവിതത്തിലുണ്ടാകുന്ന കുറവുകളെ പോസിറ്റീവ് ആയി എടുക്കുമ്പോൾ നമ്മിലും ആത്മവിശ്വാസം വളരും.

വിത്തിനെ ശ്രദ്ധിക്കൂ...
മണ്ണിൽ വലിച്ചെറിഞ്ഞാലും
മണ്ണിൽ കുഴിച്ചിട്ടാലും
മണ്ണിലേക്ക് ചവിട്ടിതാഴ്ത്തിയാലും
മണ്ണിനെ പൊളിച്ചുമാറ്റി അത് വളർന്ന് അത്ഭുതങ്ങൾ സൃഷ്ടിച്ച് അതിജീവനത്തിന്റെ കരുത്ത് കാട്ടുന്നു!

വിജയിക്കാൻ ആഗ്രഹിച്ചവരെ മണ്ണിൽ ചവിട്ടിതാഴ്ത്തിയാലും ആവേശത്തോടെ അവർ ഉയിർത്തെഴുന്നേൽക്കും.

നമ്മുടെ മുന്നിലുള്ള സ്വപ്ന കല്ലുകൾ തകർന്നുവീഴുമ്പോൾ നിരാശപ്പെടരുത്. നമ്മുടെ ആഗ്രഹത്തിനും പ്രതീക്ഷകൾക്കും വിരുദ്ധമായി കാര്യങ്ങൾ സംഭവിക്കുമ്പോൾ തളരരുത്.

വി. പൗലോസ് ശ്ലീഹ പറയുന്നു. "വളരെയേറെ ഞാൻ അദ്ധ്വാനിച്ചു. വളരെകൂടുതൽ കാരാഗൃഹവാസമനുഭവിച്ചു. എണ്ണമറ്റ വിധം അടിയേറ്റു. പലതവണ മരണകരമായ അപകടത്തിൽപെട്ടു. (2 കൊറി 11:24-29) ഇത്രമാത്രം സഹന തീയിലൂടെ കടന്നുപോകുമ്പോഴും വി. പൗലോസ് ശ്ലീഹ സുവിശേഷ ദൗത്യത്തിൽ നിന്ന് പിന്മാറുന്നില്ല. ആരേയും ഭയപ്പെടുന്നില്ല. കൂടുതൽ കരുത്തോടെ മുന്നേറി.

നാം ഞെരുക്കപ്പെട്ടേക്കാം. എന്നാലും നാം തകർന്നുപോകരുത്. വിധിക്കപ്പെട്ടേക്കാം, എന്നാലും നിരാശപ്പെടരുത്. നാം അടിച്ചു വീഴ്ത്തപ്പെട്ടേക്കാം. എന്നാലും വീണുകിടക്കരുത്. നാം ഒറ്റപ്പെട്ടേക്കാം. എന്നാലും ഒളിച്ചോടരുത്. നാം പരാജയപ്പെട്ടേക്കാം. എന്നാലും പരിശ്രമം ഉപേക്ഷിക്കരുത്. കൂടുതൽ കരുത്തോടെ വീണ്ടും ലക്ഷ്യത്തിലേക്ക് കുതിക്കുക. തളരരുത്. കരുത്താർജ്ജിക്കുക. നിങ്ങൾക്കും വിജയിക്കാനാകും.

## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 01-08-2023 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |
| 05-08-2023 ശനി<br>01-09-2023 മുതൽ<br>08-09-2023 വരെ | 6.30 pm സെന്റ് മേരീസ് കപ്പേള |



# സ്മരണാഞ്ജലി

**9-ാം ചരമവാർഷികം**



ജനനം
23 – 11 – 1950

മരണം
14 – 08 – 2014

## കല്ലച്ചൻമുറി
## പൈലി മാത്യു

കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ
ചിറളയം, കുന്നംകുളം

സ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ



# വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യുദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ

*(ഈ പ്രാർത്ഥന ഒൻപത് ദിവസം ഒൻപത് പ്രാവശ്യം അടുപ്പിച്ച് ചൊല്ലുക. ഫലം കാണാതിരിക്കില്ല)*

*- ഒരു വിശ്വാസി -*



# അനുബന്ധം 4
# സ്മരണീയമായ ചില തീയതികൾ

*(തുടർച്ച...)*

AD

1687 ജനുവരി 2 – പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചരമം

1782 ജൂലൈ 16 – ആലങ്ങാട്ട് (മങ്ങാട്ട്) കരിയാറ്റിൽ മാർ യൗസേപ്പ് (Ph.D., DD. Urban University, Rome, 2 August 1766) കൊടുങ്ങല്ലൂർ മെത്രോപ്പാലീത്തയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1782 ഡിസംബർ 16 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ നിയമനം പരിശുദ്ധ സിംഹാസനം അംഗീകരിച്ചു.

1783 ഫെബ്രുവരി 17 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ അഭിഷേകം (ലിസ്ബൺ)

1785 സെപ്തംബർ 1 – കരിയാറ്റിൽ മെത്രാപ്പോലീത്ത ഒരുമിച്ച് റോമിലേക്കും മറ്റും യാത്ര ചെയ്ത പാറമ്മാക്കൽ തോമ്മാ കത്തനാർ 'വർത്തമാനപുസ്തകം' എഴുതാൻ ആരംഭിച്ചു. രണ്ടു പുസ്തകമുണ്ടെന്നാണ് അറിയുന്നത്.

1786 സെപ്തംബർ 10 –കരിയാറ്റിൽ മെത്രാപ്പോലീത്തയുടെ ചരമം (ഗോവ). പഴയ ഗോവയിലെ കത്തീഡ്രൽ ആയ വി. കത്രീനയുടെ പള്ളിയിൽ അടക്കപ്പെട്ടു. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമാ കത്താനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോരായി നിയമിക്കപ്പെട്ടു.

1799 മാർച്ച് 20 – പാറമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ ചരമം

1818 സി.എം.എസ്. മിഷനറിമാരുടെ വരവും പ്രൊട്ടസ്റ്റന്റുമതവും.

1831 മെയ് 11 – വൈദികരുടെ കർമ്മലീത്താ മൂന്നാം സഭ (മാന്നാനം)

1840 ഏപ്രിൽ 10 – വരാപ്പുഴയിൽ താമസിച്ചുകൊണ്ടിരുന്ന മലബാറിന്റെ വികാരി അപ്പസ്തോലിക്കമാരിൽ ഫ്രാൻസിസ് സേവ്യര് ഒ.സി.ഡി. മെത്രാന് ആദ്യമായി ആർച്ചുബിഷപ്പ് (സര്ദിയായുടെ) സ്ഥാനം നല്കപെട്ടു.

1861 സെപ്തംബർ 5 – റോക്കാസുമെത്രാനെ മഹറോൻ ചൊല്ലാൻ റോമിന്റെ കല്പന

1866 ഫെബ്രുവരി 13 – കന്യാസ്ത്രീകളുടെ കർമ്മലീത്താ മൂന്നാംസഭ (കൂനമ്മാവ്)

1866 ആഗസ്റ്റ് 13 – പുത്തൻപള്ളി പള്ളിവക സ്ഥലത്തു സെമിനാരി ആരംഭം

1866 ആലുവായ്ക്കു സമീപം, ചുറ്റു മതിലും രണ്ടുനില ബംഗ്ലാവും വില പിടിച്ച വൃക്ഷങ്ങളും മറ്റുമുള്ളതും നാല്പ

തേക്കറോളം വിസ്താരമുള്ളതുമായ മംഗലപ്പുഴ 1041 കർക്കടകത്തിൽ ഷെട്ട്ലറിൽനിന്ന്, കൊടുങ്ങല്ലൂർ രൂപതയിലായിരുന്ന സുറിയാനിക്കാരുടെ സെമിനാരിക്കായിട്ടും അവരുടെ ഗുണത്തിനായി അവരുടെ മേലദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു കാര്യത്തിനായിട്ടും, അവരുടെ പേർക്ക് പാറായിൽ അവിരാ വർക്കി തരകന്റെ പേരിൽ വിലയ്ക്കുവാങ്ങി. മേല്പടി തീറും ടി വർക്കി തരകൻ ടി സംഗതിക്കായി ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ എഴുതിയ തീറും (കൊച്ചി അരമനയിലുള്ള അസ്സൽ പ്രമാണങ്ങളുടെ പകർപ്പ് 'എറണാകുളം മിസ്സം' മാസികയിൽ ടി സ്ഥലവും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താ, കൊച്ചി മെത്രാനച്ചനു സൂക്ഷത്തിനേല്പിച്ചിരുന്നതാണെന്നാണ് അറിവ്. ഗോവാ മെത്രാപ്പോലീത്തായ്ക്ക് എഴുതിയ തീറിൽ പറയുന്ന ഉദ്ദേശ്യം 1898 ജൂൺ 2 ലെ Prot 8402 - കല്പനയനുസരിച്ച് പ്രൊപ്പഗാന്ത തിരുസംഘവും തുടർന്ന് അംഗീകരിച്ചിട്ടുണ്ട്.

1871 ജനുവരി 3 - വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമം

1874 ആഗസ്റ്റ് 1 - മേലൂസുമെത്രാൻ കേരളത്തിൽ. അദ്ദേഹത്തെ മഹറോൻ ചൊല്ലുവാനുള്ള റോമിന്റെ കല്പന ഒക്ടോബർ 25-ന് പരസ്യം ചെയ്തു. തൃശൂരിലുള്ള 'സൂറായികൾ' പ്രസ്തുത ശീശ്മയുമായി ബന്ധപ്പെട്ടതാണ്.

1876 യാക്കോബായ പാത്രിയാർക്കീസ് മുടക്കിയ പാലക്കുന്നത്തു മാർ മാത്യൂസ് അത്തനാസിയോസിന്റെ കാലം മുതൽ നവീകരണ സഭ (മാർത്തോമ്മാ സഭ) ഉണ്ടായി.

1877 ഒക്ടോബർ 12 - മർസലീനോസ് കോ-അദ്യുത്തോർ മെത്രാന്റെ അഭിഷേകം

1877 നവംബർ 15 - മർസലീനോസ് മെത്രാനു സുറിയാനിക്കാരുടെ മേലുള്ള

1886 സെപ്തംബർ 1 - ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപനം ഇതോടുകൂടി കർമ്മലീത്താക്കാരായ മുൻഗാമികളെപ്പോലെ വരാപ്പുഴ ആസ്ഥാനമാക്കിയിരുന്ന നിക്കോമേദിയായുടെ മെത്രാപ്പോലീത്തയും മലബാറിന്റെ അവസാനത്തെ വികാരി അപ്പസ്തോലിക്കയുമായ ഡോക്ടർ മെല്ലാനോ വരാപ്പുഴയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

1887 മെയ് 20 - വരാപ്പുഴയിലെ കർമ്മലീത്ത മെത്രാപ്പോലീത്തായുടെ കീഴിൽനിന്നും പദ്രുവാദോക്കീഴിയിൽനിന്നും പൂർണ്ണ

മായി വിച്ഛേദിദിച്ച് പരി. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൻകീഴിലായി. മലബാറിനെ ആലുവാപ്പുഴ കൊണ്ട് രണ്ടായി തിരിച്ച് സുറിയാനിക്കാർക്കു തൃശൂർ, കോട്ടയം (വടക്കുഭാഗരും തെക്കുംഭാഗരും ഉൾപ്പെടുന്നു) എന്നീ വികാരിയത്തുകളുടെ സ്ഥാപനം.

1887 സെപ്തംബർ 13 – പ്രസ്തുത ബൂളയനുസരിച്ച് ലത്തീൻ റീത്തിൽപ്പെട്ട ഡോ. മെഡ്‌ലിക്കോട്ട് (തൂശൂർ), ഡോ. ലവീഞ്ഞ് എസ്. ജെ. (കോട്ടയം) എന്നീ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഡിസംബർ 11–നു മെഡില്ക്കോട്ടു മെത്രാന്റെ അഭിഷേകം.

1896 ജൂലൈ 28 – തൃശൂർ, എറണാകുളം, ചങ്ങരാശ്ശേരി വികാരിയാത്തുകകളുടെ സ്ഥാപനം

1896 ആഗസ്റ്റ് 11 – ആധുനിക കാലത്ത് ഇന്ത്യാ സ്വദേശികളായ ആദ്യത്തെ മെത്രാന്മാരായി മേനാച്ചേരി മാർ യോഹന്നാൻ (തൃശൂർ) പഴേപറമ്പിൽ മാർ ളൂയിസ് (എറണാകുളം), മാക്കിൽ മാർ മത്തായി (ചങ്ങനാശ്ശേരി) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 15–നു പ്രസ്തുത മെത്രാന്മാരുടെ അഭിഷേകം.

1911 ആഗസ്റ്റ് 29 – തെക്കുഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം മാക്കിൽ മാർ മത്തായി മെത്രാനെ അതിന്റെ അദ്ധ്യക്ഷനാക്കി.

1911 ആഗസ്റ്റ് 29 – എറണാകുളത്തെ കോ–അദ്യുത്തോർ മെത്രാനായി കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

1911 ആഗസ്റ്റ് 30 – കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്.

1911 ഡിസംബർ 3 – കണ്ടത്തിൽ മാർ ആഗസ്തീനോസ്, കുര്യാളശ്ശേരിൽ മാർ തോമ്മാ എന്നിവരുടെ മെത്രാഭിഷേകം (കാണ്ടി)

1913 ജൂലൈ 11 – ലവീഞ്ഞു മെത്രാന്റെ ചരമം (ഫ്രാൻസ്)

1914 ജനുവരി 26 – മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം

1918 മെയ് 4 – മെഡ്‌ലിക്കോട്ട് മെത്രാന്റെ ചരമം (ബാംഗ്ലൂർ)

1919 ഡിസംബർ 9 – പഴേപറമ്പിൽ മാർ ളൂയീസ് മെത്രാന്റെ ചരമം

1919 ഡിസംബർ 19 – മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം

*(തുടരും...)*

പാചക കോർണർ

# ചെമ്മീൻ ബോൾക്കറി

ബിന്ദു രാജു



| | |
|---|---|
| ചെമ്മീൻ നന്നാക്കിയെടുത്തത് | 1 കി. |
| ചുവന്നുള്ളി | 50 ഗ്രാം |
| പച്ചമുളക് | 6 എണ്ണം |
| ഇഞ്ചി | 1 കഷ്ണം |
| സബോള അരിഞ്ഞത് | 1 കപ്പ് |
| മുളകുപൊടി | 1 ടീസ്പൂൺ |
| മല്ലിപ്പൊടി | 2 ടീസ്പൂൺ |
| കുരുമുളകുപൊടി | 1 ടീസ്പൂൺ |
| മഞ്ഞൾപ്പൊടി | 1/2 ടീസ്പൂൺ |
| ഘരംമസാലപ്പൊടി | 1 ടീസ്പൂൺ |
| മൈദ | 1 ടീസ്പൂൺ |
| തക്കാളി | 200 ഗ്രാം |
| വിനാഗിരി | 1 ടീസ്പൂൺ |
| തേങ്ങാപ്പാൽ | 6 കപ്പ് |

ചെമ്മീൻ വേവിക്കാതെ ഇഞ്ചി, പച്ചമുളക്, ചുവന്നുള്ളി, ഉപ്പ്, വേപ്പില എന്നിവ അരച്ചെടുക്കണം. ചെറിയ ഉരുളകൾ ആക്കണം. ഒരു പരന്ന പാത്രത്തിൽ എണ്ണയൊഴിച്ച് ഇഞ്ചി, വെളുത്തുള്ളി, പച്ചമുളക്, സബോള എന്നിവ അരിഞ്ഞത് ഇട്ട് വഴറ്റി എടുത്ത് വാടി കഴിയുമ്പോൾ മുളകുപൊടി, മല്ലിപൊടി, മൈദ, മസാലപൊടി, മഞ്ഞൾപൊടി, കുരുമുളകുപൊടി എന്നിവ ഇട്ട് മൊരിച്ചെടുക്കണം. അതിനുശേഷം തേങ്ങാപ്പാൽ ഒഴിച്ച് തക്കാളിയരിഞ്ഞതും ചേർത്ത് തിള വരാറാകുമ്പോൾ ചെമ്മീൻ അരച്ചുവെച്ചത് ചെറിയ ഉരുളകളാക്കി അതിൽ ഇട്ടുകൊടുക്കുക. തിളച്ച് വെന്ത് കഴിയുമ്പോൾ 1 ടീസ്പൂൺ വിനാഗിരിയും ചേർക്കണം. ചാറ് കുറുകി തുടങ്ങുമ്പോൾ ഇറക്കിവെയ്ക്കണം. ഇറക്കാറാകുമ്പോൾ കുറച്ച് മല്ലി ഇലയും വേപ്പിലയും അരിഞ്ഞത് ചേർത്താൽ നന്നായിരിക്കും.



## ഞാൻ വരവായ്

✤ മേക്കാട്ടുകുളം അഭിലാഷ് + അനുമോൾ
മകൻ **ജോസഫ് (അബ്രഹാം ജേക്കബ് അഭിലാഷ്)**



# സ്മരണാഞ്ജലി



## മൂക്കൻ കൊച്ചാപ്പു മകൻ
## പോൾ (79)

*മരണം : 16-07-2023*

**കെയ്കോ റോഡ്**
**ചേലക്കോട്ടുകര, തൃശൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ 2023 ജൂലൈ 2 ഞായറാഴ്ച ഇടവക ദൈവാലയ അങ്കണത്തിൽ വെച്ച് നടത്തിയ രക്തദാനക്യാമ്പും സൗജന്യ പരിശോധനകളും

















ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................................ ക്ലാസ്സ് : ........................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :....................................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Abina C.S., Class : 4 , St. Thomas Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ............................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Thabitha John**

Std : II, St. George Kudumbakoottayma

"ചേട്ടാ ഒരു ഉമ്മ തന്നാൽ
മീൻ തരുമോ"

# വചന കലണ്ടർ

## 2023 ആഗസ്റ്റ് AUGUST

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | 1<br>യാക്കോ 3:13–18<br>ലൂക്കാ 4:25–30 | 2<br>2 കോറി 5:15–21<br>മത്താ 1:16–20 | 3<br>യാക്കോ 5:13–20<br>മത്താ 10:5–15 | 4<br>2 കോറി 1:3–7<br>മത്താ 9:35–10:1 | 5<br>യാക്കോ 4:13–17<br>ലൂക്കാ 9:49–56 |
| 6<br>പുറ 19:1–8+20:18–21<br>ശ്ലീഹ 1:15–26<br>ഹെബ്രാ 12:18–29<br>മത്താ 17:1–9 | 7<br>യാക്കോ 5:1–6<br>ലൂക്കാ 18:25–30 | 8<br>യാക്കോ 5:7–12<br>മർക്കോ 13:24–31 | 9<br>2 കോറി 13:1–4<br>മത്താ 9:35–10:1 | 10<br>യാക്കോ 4:7–12<br>ലൂക്കാ 12:49–53 | 11<br>ഫിലി 3:8–14<br>മത്താ 19:27–29 | 12<br>2 തെസ 2:5–12<br>മത്താ 11:20–24 |
| 13<br>ലേവ്യ 23:33–44<br>ഏശ 28:14–22<br>2 കോറി 12:14–21<br>ലൂക്കാ 16:19–31 | 14<br>1 പത്രോ 3:14–17<br>ലൂക്കാ 9:23–26 | 15<br>റോമാ 16:17–27<br>യോഹ 2:1–12 | 16<br>1 തിമോ 6:17–21<br>മത്താ 7:15–20 | 17<br>2 പത്രോ 1:10–15<br>മർക്കോ 10:35–45 | 18<br>ഹെബ്രാ 11:32–12:2<br>മത്താ 10:16–25 | 19<br>2 തെസ 2:1–4<br>മർക്കോ 13:3–13 |
| 20<br>ലേവ്യ 19:1 4,9–14<br>ഏശ 29:19–24<br>1 തെസ 2:1–12<br>ലൂക്കാ 17:11–19 | 21<br>1 യോഹ 4:7–11<br>ലൂക്കാ 6:43–45 | 22<br>1 തെസ 3:2–6<br>മത്താ 9:18–26 | 23<br>1 തെസ 5:1–11<br>മത്താ 24:37–44 | 24<br>1 കോറി 12:27–31<br>ലൂക്കാ 6:12–19 | 25<br>എഫേ 4:7–12<br>യോഹ 15:18–25 | 26<br>1 യോഹ 2:1–6<br>ലൂക്കാ 21:5–6, 20–24 |
| 27<br>ലേവ്യ 19:15–18<br>ഏശ 33:1–15<br>1 തെസ 2:14–20<br>ലൂക്കാ 18:1–8 | 28<br>2 കോറി 5:14–21<br>മത്താ 5:13–19 | 29<br>1 തെസ 4:1–8<br>മർക്കോ 10:35–45 | 30<br>റോമാ 14:7–9<br>മർക്കോ 5:1–13 | 31<br>2 തെസ 3:6–12<br>മത്താ 13:10–17 | 1<br>റോമാ 8:26–30<br>മർക്കോ 10:13–16 | 2<br>2 തെസ 3:13–18<br>മർക്കോ 2:13–17 |


35th
Death Anniversary
18-11-2023
33rd
Death Anniversary
23-08-2023
കിഴക്കൂട്ട്
ദേവസ്സി വൈദ്യർ
കിഴക്കൂട്ട്
ദൈവസ്സി വൈദ്യർ ഭാര്യ
മോനിക്ക
പ്രാർത്ഥനാപൂർവ്വം
സ്നേഹസ്മരണകളോടെ
മക്കൾ – മരുമക്കൾ – പേരക്കുട്ടികൾ




T.T.DEVASSY JEWELLERY
SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM